# സൺഡേ സ്കൂൾ വാർഷിക പാഠ്യപദ്ധതി

## പൊതുനിർദ്ദേശങ്ങൾ

## വാർഷിക പാഠ്യപദ്ധതി

## LKG മുതൽ XII വരെയുള്ള ക്ലാസ്സുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- A നേഴ്സറി ക്ലാസ്
- B I മുതൽ III വരെ ക്ലാസ്സുകൾ
- C IV മുതൽ IX വരെയുള്ള ക്ലാസ്സുകൾ
- D X -ാം ക്ലാസ്സ്
- E XI & XII ഡിപ്ലോമ കോഴ്സ്

# 1. പൊതുനിർദ്ദേശങ്ങൾ

**1. ക്ലാസ്സുകൾ:** അദ്ധ്യയന വർഷത്തെ രണ്ട് സെമസ്റ്ററുകളായാണ് തിരിച്ചിരിക്കുന്നത്.

**സെമസ്റ്റർ – I**

**2016 ജൂൺ 5 മുതൽ 2016 ഒക്ടോബർ 30 വരെ (22 ക്ലാസ്സുകൾ)**

**സെമസ്റ്റർ – II**

**2016 നവംബർ 6 മുതൽ 2017 ഫെബ്രുവരി 26 വരെ (16 ക്ലാസ്സുകൾ)**

**2. സിലബസ്**

മതബോധന പാഠാവലിയിൽ നിന്നുള്ള പാഠങ്ങൾ, ബൈബിൾ, നമസ്കാരങ്ങൾ, ക്രിസ്തീയ പൊതുവിജ്ഞാനം (സത്യദീപത്തിൽ നിന്ന്) എന്നിവയാണ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഇതിനു പുറമേ 5 മുതൽ 9 വരെ ക്ലാസുകളിൽ 'വിശുദ്ധരെ അറിയാൻ, അനുകരിക്കാൻ' എന്നഉപപാഠപുസ്തകവുംഉൾപ്പെടുത്തിയിരിക്കുന്നു.

**2.1 മതബോധന പാഠാവലി:** സീറോ മലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന 'രക്ഷയുടെ പാതയിൽ' എന്ന പാഠാവലിയിലെ പുസ്തകങ്ങളാണ് 1 മുതൽ 12 വരെയുള്ള മലയാളം മീഡിയം ക്ലാസുകളിലും, ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലും പഠിക്കുവാനുള്ളത്.

**2.2 നമസ്കാരങ്ങൾ:** ഓരോ ക്ലാസിലും ഏതാനും പുതിയ നമസ്കാരങ്ങൾ വീതം പഠിച്ച് 7-ാം ക്ലാസ്സിലെത്തുമ്പോഴേയ്ക്കും 32 നമസ്കാരങ്ങളും ജപമാലരഹസ്യങ്ങളും പൂർത്തിയാകുന്ന വിധമാണ് പാഠ്യപദ്ധതി ക്രമീകരിച്ചിരിക്കുന്നത്. ഹൈസ്കൂൾതലം മുതൽ ഈശോയുടെ തിരുഹൃദയ ജപമാലയും ഒപ്പം നമസ്കാരങ്ങളും പഠനത്തിനായി ചേർത്തിരിക്കുന്നു.

വാർഷിക പാഠ്യപദ്ധതിയിൽ പഠിക്കുവാനായി താഴെ പറഞ്ഞിരിക്കുന്ന നമസ്കാരങ്ങളുടെ നമ്പറുകൾ (ഉദാ: std IV നമസ്കാരങ്ങൾ 1-8) ശ്രദ്ധിക്കുക.

1. കുരിശടയാളം
2. ത്രിത്വസ്തുതി
3. സ്വർഗ്ഗസ്ഥനായ പിതാവേ
4. നന്മനിറഞ്ഞ മറിയം
5. വിശ്വാസപ്രമാണം
6. കുമ്പസാരത്തിനുള്ള ജപം
7. ത്രിസന്ധ്യാജപങ്ങൾ
8. പരിശുദ്ധ രാജ്ഞി
9. ദൈവകല്പനകൾ
10. തിരുസഭയുടെ കൽപനകൾ
11. കൂദാശകൾ
12. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ
13. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളാൻ വേണ്ട കാര്യങ്ങൾ

14. വിശ്വാസ പ്രകരണം
15. പ്രത്യാശ പ്രകരണം
16. സ്നേഹപ്രകരണം
17. മനസ്താപ പ്രകരണം
18. കാരുണ്യ പ്രവൃത്തികൾ
19. മനുഷ്യന്റെ അന്ത്യങ്ങൾ
20. സുവിശേഷ ഭാഗ്യങ്ങൾ
21. സത്യസഭയുടെ ലക്ഷണങ്ങൾ
22 മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും
23. മൗലിക സുകൃതങ്ങൾ
24. ബർണ്ണാർദു പുണ്യവാന്റെ ജപം
25. പ്രധാന പുണ്യപ്രവൃത്തികൾ
26. പരിശുദ്ധാരൂപിയുടെ ദാനങ്ങൾ
27. പരിശുദ്ധാരൂപിയുടെ ഫലങ്ങൾ
28. പരിശുദ്ധാരൂപിക്ക് എതിരായ പാപങ്ങൾ
29. ദൈവത്തിന്റെ ലക്ഷണങ്ങൾ
30. ദൈവിക പുണ്യങ്ങൾ
31. ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ
32. സുവിശേഷത്തിലെ വിശിഷ്ട ഉപദേശങ്ങൾ.

**2.3 പൊതുവിജ്ഞാനം:** അതിരൂപതയുടെ പ്രസിദ്ധീകരണമായ 'സത്യദീപ'ത്തിൽ നിന്നുമായിരിക്കും സെമസ്റ്റർ പരീക്ഷയ്ക്ക് പൊതു വിജ്ഞാന ചോദ്യങ്ങൾ ഉണ്ടായിരിക്കുക. 2016 ജൂൺ മാസം മുതൽ ഓരോ പരീക്ഷയുടെയും രണ്ടാഴ്ച മുമ്പുവരെയുള്ള സത്യദീപത്തിൽ വന്നിട്ടുള്ള പൊതുകാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തുക. കുട്ടികൾ സ്വന്തമാക്കിയിട്ടുള്ള ക്രിസ്തീയ കാഴ്ചപ്പാടുകളും മനോഭാവങ്ങളും വിലയിരുത്തുന്നതിന് സഹായകമായ ഉപന്യാസചോദ്യവും പൊതുവിജ്ഞാനത്തിന്റെ ഭാഗമായി പരീക്ഷയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. (പേജ് 44 കാണുക)

**2.4 ഉപപാഠപുസ്തകം:** 5 മുതൽ 9 വരെയുള്ള ക്ലാസുകളിൽ 'വിശുദ്ധരെ അറിയാൻ, അനുകരിക്കാൻ' എന്ന ഉപപാഠപുസ്തകവും പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ സെമസ്റ്ററിലും രണ്ടു വിശുദ്ധരെ വീതം പരിചയപ്പെടുത്തുന്ന വിധമാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്.

**2.5 ബൈബിൾ പഠനം:** കുട്ടികളുടെ വ്യക്തിപരമായ പഠനത്തിനും പ്രാർത്ഥനയ്ക്കുമായി 4 മുതൽ 12 വരെ ക്ലാസ്സുകളിൽ കാരുണ്യവർഷവുമായി ബന്ധപ്പെട്ട ബൈബിൾ ഭാഗങ്ങൾ നല്കിയിരിക്കുന്നു.

## വാർഷിക പാഠ്യപദ്ധതി 2016 – 2017(മലയാളം & ഇംഗ്ലീഷ്)

| ക്ലാസ്സ് | സെമസ്റ്റർ | പാഠഭാഗം | | ഉപപാഠഭാഗം | | നമസ്കാരങ്ങൾ | | ബൈബിൾ | | ജനറൽ |
|---|---|---|---|---|---|---|---|---|---|---|
| I | 1 | 1–9 | 80% | | | 1–4 | 10% | | | 10% |
| | 2 | 10–15 | 80% | | | 1–4 | 10% | | | 10% |
| II | 1 | 1–9 | 80% | | | 1–4,7 | 10% | | | 10% |
| | 2 | 10–15 | 80% | | | 1–4,7 | 10% | | | 10% |
| III | 1 | 1–9 | 80% | | | 1–4, 9–11 | 10% | | | 10% |
| | 2 | 10–15 | 80% | | | 9–11, 26–27 | 10% | | | 10% |
| IV | 1 | 1–9 | 39% | | | 1–8 | 10% | ലൂക്കാ 9:10–17<br>മർക്കോസ് 8:22–26 | 9% | 12% |
| | 2 | 10–15 | 39% | | | 9–16 | 10% | ലൂക്കാ 5:12–16<br>യോഹ 11:38–44 | 9% | 12% |
| V | 1 | 1–9 | 33% | വി. ഫ്രാൻസിസ് അസീസി<br>അസീസിയിലെ വി. ക്ലാര | 9% | 17–24 | 10% | ലൂക്കാ 10:25–37<br>മത്തായി 14:13–21 | 6% | 12% |
| | 2 | 10–15 | 33% | വി. അൽഫോൻസാമ്മ<br>വി. ചാവറ കുര്യാക്കോസ് ഏലിയാസ് | 9% | 25–32 | 10% | ലൂക്കാ 7:11–17<br>ലൂക്കാ 13:10–17 | 6% | 12% |
| VI | 1 | 1–9 | 31% | വി. മാർട്ടിൻ ഡി.പോറസ് (Mal.Med.)<br>വാ. മറിയം ത്രേസ്യ (Mal. & Eng. Med.)<br>വാ. കുഞ്ഞച്ചൻ (Eng.Med.) | 9% | 1–8<br>സന്തോഷത്തിന്റെ രഹസ്യങ്ങൾ | 10% | ലൂക്കാ 6:6–11<br>മർക്കോസ് 6:30–44 | 6% | 14% |
| | 2 | 10–15 | 31% | വി. ഇഗ്നേഷ്യസ് ലൊയോള<br>വി. പത്താം പീയൂസ് | 9% | 9–16<br>പ്രകാശത്തിന്റെ രഹസ്യങ്ങൾ | 10% | ലൂക്കാ 7:1–10<br>ലൂക്കാ 15:1–7 | 6% | 14% |

(ഓരോ സെമസ്റ്ററിലും പഠിപ്പിക്കേണ്ട ഭാഗങ്ങളും അവയ്ക്ക് പരീക്ഷയിൽ അനുവദിച്ചിരിക്കുന്ന മാർക്കുകളുടെ ശതമാനവും മുകളിൽ കൊടുത്തിരിക്കുന്നു.)

| ക്ലാസ്സ് | സെമസ്റ്റർ | പാഠഭാഗം | | ഉപപാഠഭാഗം | | നമസ്കാരങ്ങൾ | | ബൈബിൾ | | ജനറൽ |
|---|---|---|---|---|---|---|---|---|---|---|
| VII | 1 | 1–9 | 31% | വി. ഫ്രാൻസീസ് സേവ്യർ<br>വി. അന്തോണീസ് | 9% | 17–24<br>ദുഃഖകരമായ രഹസ്യങ്ങൾ | 10% | ലൂക്കാ 16:19–31<br>യോഹ. 5:1–18 | 6% | 14% |
| | 2 | 10–15 | 31% | വി. മരിയ ഗൊരേത്തി<br>വി. അലോഷ്യസ് ഗൊൺസാഗ | 9% | 25–32<br>മഹിമയുടെ രഹസ്യങ്ങൾ | 10% | ലൂക്കാ 19:1–10<br>ലൂക്കാ 7:36–50 | 6% | 14% |
| VIII | 1 | 1–9 | 31% | വി. മാക്സിമില്യൻ കോൾബേ<br>വി. വിൻസെന്റ് ഡി. പോൾ | 9% | 1–22 | 10% | ലൂക്കാ 17:11–19<br>സങ്കീർത്തനം 136 | 6% | 14% |
| | 2 | 10–15 | 31% | വി. ഡാമിയൻ<br>വാ. മദർ തെരേസ | 9% | 23–32<br>പരി. ദൈവമാതാവിനോടുള്ള ജപമാല | 10% | യോഹ. 13:1–14<br>ലൂക്കാ 8:40–56 | 6% | 14% |
| IX | 1 | 1–9 | 33% | വി. അഗസ്റ്റിൻ<br>വി. ജോൺ മരിയ വിയാനി | 8% | 1–22 | 8% | സങ്കീർത്തനം 103<br>മത്തായി 14:13–21 | 7% | 14% |
| | 2 | 10–15 | 33% | വി. ആഗ്നസ് (Mal. & Eng. Med.)<br>വി. ജാന്ന ബറേത്ത (Mal.Med.)<br>വി. മാർട്ടിൻ ഡി. പോറസ് (Eng. Med.) | 8% | 23–32<br>ഈശോയുടെ തിരുഹൃദയ ജപമാല | 8% | യോഹ. 11:38–44<br>ലൂക്കാ 7:36–50 | 7% | 14% |
| X | 1 | 1–9 | 46% | | | 1–32, ഈശോയുടെ തിരുഹൃദയ ജപമാല | 12% | സങ്കീർത്തനം 136<br>ലൂക്കാ 15:1–7 | 8% | 14% |
| | സർട്ടിഫി. പരീക്ഷ | 1–15 | 46% | | | 1–32, പരി. ദൈവമാതാവിനോടുള്ള ജപമാല | 12% | ലൂക്കാ 15:11–32<br>അപ്പ. 2:37–47 | 8% | 14% |
| XI | 1 | 1–7 | 48% | | | 1–32, ഈശോയുടെ തിരുഹൃദയ ജപമാല | 10% | ലൂക്കാ 6:27–36<br>മത്തായി 18:21–35 | 10% | 12% |
| | ഡിപ്ലോമ പരീക്ഷ | 1–12 | 48% | | | 1–32, പരി. ദൈവമാതാവിനോടുള്ള ജപമാല | 10% | മത്തായി 25:31–46<br>യോഹ. 9:1–34 | 10% | 12% |
| XII | 1 | 1–7 | 48% | | | 1–32, പരി. ദൈവമാതാവിനോടുള്ള ജപമാല | 10% | ലൂക്കാ 18:9–14<br>മർക്കോസ് 5:1–20 | 10% | 12% |
| | ഡിപ്ലോമ പരീക്ഷ | 1–12 | 48% | | | 1–32, ഈശോയുടെ തിരുഹൃദയ ജപമാല | 10% | യോഹ. 2:1–12<br>ലൂക്കാ 7:36–50 | 10% | 12% |

**(ഓരോ സെമസ്റ്ററിലും പഠിപ്പിക്കേണ്ട ഭാഗങ്ങളും അവയ്ക്ക് പരീക്ഷയിൽ അനുവദിച്ചിരിക്കുന്ന മാർക്കുകളുടെ ശതമാനവും മുകളിൽ കൊടുത്തിരിക്കുന്നു.)**

## 2. LKG മുതൽ XII വരെയുള്ള ക്ലാസ്സുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### A. നേഴ്സറി ക്ലാസ്

ഒന്നാം ക്ലാസ്സിനു മുമ്പേ കുഞ്ഞുങ്ങൾക്കു വിശ്വാസ ജീവിതത്തിന്റെ ലളിത പാഠങ്ങൾ പകർന്നു നൽകേണ്ടതു മാതാപിതാക്കളാണെന്ന കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലൊ. എന്നാൽ തങ്ങളുടെ കുഞ്ഞുങ്ങളെ മതബോധന നേഴ്സറി കൂട്ടായ്മയിലേക്ക് അയക്കുവാൻ താൽപര്യമുള്ള മാതാപിതാക്കളുണ്ടെങ്കിൽ ആ കുഞ്ഞുങ്ങളെ സ്വീകരിക്കാനും അവർക്കു വിശ്വാസത്തിന്റെ ബാലപാഠങ്ങൾ പാട്ടുകളിലൂടെയും കളികളിലൂടെയും ചിത്രങ്ങളിലുടെയും പകർന്നുകൊടുക്കുവാനും ശ്രദ്ധിക്കുമല്ലൊ. നേഴ്സറി ക്ലാസ്സിൽ വന്നാൽ മാത്രമെ ഒന്നാം ക്ലാസ്സിലേക്ക് സ്വീകരിക്കുകയുള്ളു എന്ന നിബന്ധന ദയവായി വയ്ക്കരുത്. പരീക്ഷകളോ യാതൊരുവിധത്തിലുള്ള വിലയിരുത്തലുകളോ നേഴ്സറി ക്ലാസ്സുകളിൽ ഉണ്ടാകരുതെന്നു വിനീതമായി ഓർമ്മിപ്പിക്കട്ടെ.

ഇളം മനസ്സുകളെ വിശ്വാസത്തിന്റെ വിവിധ മേഖലകളിലേക്കു കൈപിടിച്ചു നടത്താനും ദൈവമക്കളും സഭാമക്കളുമെന്ന നിലയിൽ വളർത്തിക്കൊണ്ടുവരാനും ഈ ക്ലാസ്സുകൾ ഉപകരിക്കും. കുട്ടികൾ മൂന്നു വയസ്സുമുതൽ പ്ലേ സ്കൂളിലും നേഴ്സറികളിലും പോയിത്തുടങ്ങുന്ന കാലമാണിത്. ആ കാലഘട്ടത്തിൽത്തന്നെ അവർക്ക് ഇടവക ദേവാലയവും പരിസരവുമായും ഒരു ബന്ധമുണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യവും ഇതിനുണ്ട് എന്ന് മറക്കരുത്. നേഴ്സറിക്കൂട്ടായ്മയുടെ സമയക്രമവും ബോധന രീതികളും മറ്റും ഔദ്യോഗിക ഭാഷ കലർത്താതെ ഓരോ ഇടവകയുടേയും സാഹചര്യമനുസരിച്ചു ചെയ്യാവുന്നതാണ്.

നേഴ്സറിക്ലാസിൽ പരീക്ഷ നടത്തരുത്. കുട്ടികളെ പള്ളിയിലേക്ക് ആകർഷിക്കുന്ന തരത്തിൽ പാട്ടുകളിലൂടെയും കളികളിലൂടെയും ചിത്രങ്ങളിലൂടെയുമെല്ലാം ക്ലാസ്സുകൾ മനോഹരമാക്കാൻ ശ്രദ്ധിക്കുക. പാഠ്യപദ്ധതി: 'ഈശോയുടെ കൂട്ടുകാർ' (15 അദ്ധ്യായം). ഇപ്പോൾ ഇംഗ്ലീഷ് പാഠപുസ്തകവും മതബോധന കേന്ദ്രത്തിൽ ലഭ്യമാണ്.

### B. I മുതൽ III വരെ ക്ലാസ്സുകൾ

ഒന്നാം ക്ലാസ്സിലേക്കുള്ള കുട്ടികളുടെ പ്രവേശനോത്സവം മതബോധന അധ്യയന വർഷാരംഭത്തോടനുബന്ധിച്ച് നടത്താവുന്നതാണ്. നേഴ്സറി ക്ലാസ്സുകൾ ഏറ്റവും മനോഹരമായി നടത്തുന്ന യൂണിറ്റുകൾക്ക് പ്രവേശനോത്സവം നേഴ്സറി കുട്ടികൾക്കായി നടത്താവുന്നതാണല്ലോ.(2016 ജൂൺ 5) ആ ദിവസം കുട്ടികൾക്കു വേണ്ടി പ്രത്യേക പ്രാർത്ഥനയും വി. കുർബാനമദ്ധ്യേ കുട്ടികളുടെ മാതാപിതാക്കളോടൊപ്പം കാഴ്ചവയ്പും നടത്താവുന്നതാണ്. ഒന്നാം ക്ലാസ്സിലേക്കു വരുന്ന കുട്ടികളെ മതബോധനത്തിലേക്കും പള്ളിയിലേക്കും മറ്റും ആകർഷിക്കുന്ന വിധത്തിൽ ഉത്സവാന്തരീക്ഷമൊരുക്കി ആഘോഷമാക്കി അവരെ സ്വീകരിക്കുന്നതും ഉചിതമായിരിക്കും. ഓരോ ഇടവക

യുടേയും സാഹചര്യങ്ങൾ കണക്കിലെടുത്തു വേണ്ടവിധത്തിൽ ക്രമീകരിക്കാവുന്നതാണ്.

ഒന്നാം ക്ലാസ്സിലേക്കുള്ള കുട്ടികളുടെ ഓൺലൈൻ (Caticorp) രജിസ്ട്രേഷൻ ജൂൺ മാസത്തിലെ അവസാന ഞായറാഴ്ചയോടെ (2016 ജൂൺ 26) പൂർണ്ണമാക്കിയിരിക്കണം.

**പാഠ്യപദ്ധതിയും പരീക്ഷയും**

ഈ ക്ലാസ്സുകളിൽ വാചിക പരീക്ഷയാണല്ലോ നടത്തുന്നത്. ഈ ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് അമിത പ്രാധാന്യം നൽകരുതെന്ന് നേരത്തെയും സൂചിപ്പിച്ചിട്ടുണ്ടല്ലോ. പരീക്ഷാസമയത്ത് അദ്ധ്യാപകൻ/ അദ്ധ്യാപിക ഉചിതമെന്ന് തോന്നുന്ന ചോദ്യങ്ങൾ മാത്രം ചോദിച്ചു മാർക്ക് നൽകുക എന്നാണല്ലോ കഴിഞ്ഞവർഷവും നിർദ്ദേശിച്ചിരിക്കുന്നത്. ആരെയും തോൽപ്പിക്കരുത് എന്നും ഓർമ്മിപ്പിച്ചിട്ടുണ്ടല്ലോ (വചന ദീപം 2015-16, പേജ് 26). ഈ വർഷം ചോദ്യങ്ങളും അതാത് ക്ലാസ്സിലെ അദ്ധ്യാപകനോ/അദ്ധ്യാപികയോ തയ്യാറാക്കി കുട്ടികൾക്ക് നേരത്തെ കൊടുക്കാം. ബഹു. വികാരിയച്ചന്റെ അഭിപ്രായം ചോദിച്ച് ചോദ്യങ്ങൾക്ക് അംഗീകാരം വാങ്ങണം. ഓരാ വ്യക്തിയും പഠിപ്പിക്കുന്ന ശൈലിക്കനുസരിച്ചുള്ള ചോദ്യങ്ങൾ കുട്ടികളോട് ചോദിച്ചാൽ അവർക്ക് അത് എളുപ്പത്തിൽ മനസ്സിലാക്കാനും സാധിക്കും. അതുകൊംണ്ട് അതിരൂപതാ കേന്ദ്രത്തിൽ നിന്നും ഒന്നു മുതൽ മൂന്നുവരെയുള്ള ക്ലാസ്സുകളിലേക്കു ചോദ്യങ്ങൾ തയ്യാറാക്കുന്നില്ലായെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഒന്ന്, രണ്ട്, മൂന്ന് ക്ലാസുകളിലെ പരീക്ഷയ്ക്ക് അമിത പ്രാധാന്യവും നൽകരുത്. എന്നാൽ ഓരോവർഷവും പടിപടിയായി അവരെ പരീക്ഷയുടെ വഴിയിലേക്കു കൊണ്ടുവരണം. ഇതു വഴി മതബോധന പരീക്ഷയോടുള്ള ഒരു പേടി കുട്ടികളിൽനിന്നു മാറ്റാനാവും. നാലാം ക്ലാസിലെത്തുമ്പോൾ എഴുത്തുപരീക്ഷയ്ക്ക് അവരെ പര്യാപ്തരാക്കി വിടണം എന്ന കാര്യം താഴ്ന്ന ക്ലാസിലെ അദ്ധ്യാപകർ മറക്കരുത്.

## C. IV മുതൽ IX വരെയുള്ള ക്ലാസ്സുകൾ

**a. പ്രമോഷൻ മാനദണ്ഡങ്ങൾ**

| | | | |
|---|---|---|---|
| i. | ഹാജർ | - | 80% എങ്കിലും വേണം |
| ii. | ഒന്നാം സെമസ്റ്റർ പരീക്ഷ | - | 35% മാർക്ക് |
| | രണ്ടാം സെമസ്റ്റർ പരീക്ഷ | - | 35% മാർക്ക് |
| iii. | ഇന്റൻസീവ് കോഴ്സ് പരീക്ഷ | - | 35% മാർക്ക് |
| iv. | ഇന്റേണൽ അസസ്മെന്റ് | - | 40% എങ്കിലും |

**i. ഹാജർ**

80% ഹാജർ നിർബന്ധമായും എല്ലാ കുട്ടികൾക്കും ഉണ്ടായിരിക്കേണ്ടതാണ്.

| STD IV | | മാർക്ക് | എണ്ണം | ആകെ മാർക്ക് |
|---|---|---|---|---|
| I | **ഒറ്റവാക്കിൽ ഉത്തരമെഴുതുക.**<br>പാഠഭാഗം 3, ബൈബിൾ-1, സത്യദീപം-1 | 1 | 5 | 5 |
| II | **ബ്രാക്കറ്റിൽനിന്നും ഉത്തരമെഴുതുക**<br>പാഠഭാഗം 3, ബൈബിൾ-1, സത്യദീപം-1 | 1 | 5 | 5 |
| III | **ദൈവചനം എഴുതുക**<br>പാഠഭാഗം 2 (ചോയ്സ് -1) | 1½ | 2 | 3 |
| IV | **ഉത്തരമെഴുതുക.**<br>ഫ്ളോചാർട്ട്, പദസൂര്യൻ, പട്ടിക ക്രമപ്പെടുത്തൽ, ചേരുംപടി ചേർക്കൽ, ശരിയായവ തെരഞ്ഞെടുക്കൽ, രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതൽ തുടങ്ങിയ രൂപങ്ങളിലാവാം ചോദ്യങ്ങൾ<br>പാഠഭാഗം-3 (ചോയ്സ് 1), ബൈബിൾ ഭാഗം - 1, നമസ്കാരങ്ങൾ - 2 | 2½ | 6 | 15 |
| V | **ഖണ്ഡിക എഴുതുക**<br>പാഠഭാഗം - 1 (ചോയ്സ് 1) | 3 | 1 | 3 |
| VI | **പൊതുചോദ്യം**<br>ലഘുവിവരണം/കത്ത്/പ്രസംഗം/പ്രാർത്ഥന | 4 | 1 | 4 |
| | **ആകെ** | | **20** | **35** |

| STD IV | മാർക്ക് | ശതമാനം |
|---|---|---|
| പാഠഭാഗം | 19½ മാർക്ക് | 39% |
| ബൈബിൾഭാഗം | 4½ മാർക്ക് | 9% |
| നമസ്കാരങ്ങൾ | 5 മാർക്ക് | 10% |
| പൊതുചോദ്യം | 6 മാർക്ക് | 12% |
| പ്രവൃത്തി കേന്ദ്രീകൃതം | 4 മാർക്ക് | 8% |
| ഇന്റേണൽ അസസ്സ്മെന്റ് | 11 മാർക്ക് | 22% |
| ആകെമാർക്ക് 50 | | |

| STD V | | മാർക്ക് | എണ്ണം | ആകെ മാർക്ക് |
|---|---|---|---|---|
| I | **ഒറ്റവാക്കിൽ ഉത്തരമെഴുതുക.**<br>പാഠഭാഗം - 1, ബൈബിൾ - 2,<br>സത്യദീപം - 1, വിശുദ്ധർ - 1 | 1 | 5 | 5 |
| II | **ബ്രാക്കറ്റിൽനിന്നും ഉത്തരമെഴുതുക**<br>പാഠഭാഗം - 2, ബൈബിൾ - 1,<br>സത്യദീപം - 1, വിശുദ്ധർ - 1 | 1 | 5 | 5 |
| III | **ദൈവവചനം എഴുതുക**<br>പാഠഭാഗം 2 (ചോയ്സ് - 1) | 1½ | 2 | 3 |
| IV | **ഉത്തരമെഴുതുക.**<br>ഫ്ളോചാർട്ട്, പദസൂര്യൻ, പട്ടികക്രമപ്പെടുത്തൽ, ചേരുംപടി ചേർക്കൽ, ശരിയായവ തെരഞ്ഞെടുക്കൽ, ജീവചരിത്രം പൂർത്തിയാക്കൽ, രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതൽ തുടങ്ങിയ രൂപങ്ങളിലാവാം ചോദ്യങ്ങൾ<br>പാഠഭാഗം-3 (ചോയ്സ് 1), വിശുദ്ധർ-1 (ചോയ്സ് 1), നമസ്കാരങ്ങൾ-2 | 2½ | 6 | 15 |
| V | **ഖണ്ഡിക എഴുതുക**<br>പാഠഭാഗം - 1 (ചോയ്സ് 1) | 3 | 1 | 3 |
| VI | **പൊതുചോദ്യം**<br>ലഘുവിവരണം/കത്ത്/പ്രസംഗം/പ്രാർത്ഥന | 4 | 1 | 4 |
| | **ആകെ** | | **20** | **35** |

| STD V | മാർക്ക് | ശതമാനം |
|---|---|---|
| പാഠഭാഗം | 16½ മാർക്ക് | 33% |
| ബൈബിൾഭാഗം | 3 മാർക്ക് | 6% |
| വിശുദ്ധരുടെ ജീവചരിത്രം | 4½ മാർക്ക് | 9% |
| നമസ്കാരങ്ങൾ | 5 മാർക്ക് | 10% |
| പൊതുചോദ്യങ്ങൾ | 6 മാർക്ക് | 12% |
| പ്രവൃത്തി കേന്ദ്രീകൃതം | 4 മാർക്ക് | 8% |
| ഇന്റേണൽ അസസ്സ്മെന്റ് | 11 മാർക്ക് | 22% |
| ആകെമാർക്ക് 50 | | |

| STD VI, VII & VIII | | മാർക്ക് | എണ്ണം | ആകെ മാർക്ക് |
|---|---|---|---|---|
| I | **ഒറ്റവാക്കിൽ ഉത്തരമെഴുതുക.**<br>പാഠഭാഗം 2, ബൈബിൾ-1, വിശുദ്ധർ-1, സത്യദീപം-1 | 1 | 5 | 5 |
| II | **ബ്രാക്കറ്റിൽനിന്നും ഉത്തരമെഴുതുക**<br>പാഠഭാഗം 1, ബൈബിൾ-2, വിശുദ്ധർ-1, സത്യദീപം-1 | 1 | 5 | 5 |
| III | **ദൈവവചനം എഴുതുക**<br>പാഠഭാഗം 2 | 1¼ | 2 | 2½ |
| IV | **ഉത്തരമെഴുതുക.**<br>ഫ്ളോചാർട്ട്, പദചാർട്ട്, പദസൂര്യൻ, പട്ടിക ക്രമപ്പെടുത്തൽ, ചേരുംപടി ചേർക്കൽ, തെറ്റുതിരുത്തൽ, ശരിയായവ തെരഞ്ഞെടുക്കൽ, രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതൽ തുടങ്ങിയ രൂപങ്ങളിലാവാം ചോദ്യങ്ങൾ.<br>പാഠഭാഗം-2 (ചോയ്സ് 1), വിശുദ്ധർ-1 (ചോയ്സ് 1), നമസ്കാരങ്ങൾ - 2 | 2½ | 5 | 12½ |
| V | **ഉപന്യസിക്കുക**<br>Std VI ഒരു പേജ്, Std VII & VIII രണ്ടു പേജ്<br>പാഠഭാഗം - 1 (ചോയ്സ് 1) | 5 | 1 | 5 |
| VI | **പൊതുചോദ്യം - ഉപന്യസിക്കുക**<br>കത്ത്/പ്രസംഗം/പ്രാർത്ഥന/നിവേദനം/കഥ/ ഉപന്യാസം / പത്രവാർത്ത വിശകലനം etc<br>Std VI ഒരു പേജ്, Std VII & VIII രണ്ടു പേജ് | 5 | 1 | 5 |
| | **ആകെ** | | **19** | **35** |

| STD VI, VII & VIII | മാർക്ക് | ശതമാനം |
|---|---|---|
| പാഠഭാഗം | 15½ മാർക്ക് | 31% |
| ബൈബിൾഭാഗം | 3 മാർക്ക് | 6% |
| വിശുദ്ധരുടെ ജീവചരിത്രം | 4½ മാർക്ക് | 9% |
| നമസ്കാരങ്ങൾ | 5 മാർക്ക് | 10% |
| പൊതുചോദ്യം | 7 മാർക്ക് | 14% |
| പ്രവൃത്തികേന്ദ്രീകൃതം | 4 മാർക്ക് | 8% |
| ഇന്റേണൽ അസസ്സ്മെന്റ് | 11 മാർക്ക് | 22% |
| ആകെമാർക്ക് 50 | | |

| STD IX | | മാർക്ക് | എണ്ണം | ആകെ മാർക്ക് |
|---|---|---|---|---|
| I | **ഒറ്റവാക്കിൽ ഉത്തരമെഴുതുക.**<br>പാഠഭാഗം - 1, ബൈബിൾ - 1,<br>വിശുദ്ധർ - 1, സത്യദീപം - 1 | 1 | 4 | 4 |
| II | **ബ്രാക്കറ്റിൽനിന്നും ഉത്തരമെഴുതുക/ പട്ടിക ക്രമപ്പെടുത്തുക**<br>പാഠഭാഗം 1, ബൈബിൾ-1, വിശുദ്ധർ-1, സത്യദീപം-1 | 1 | 4 | 4 |
| III | **ദൈവവചനം എഴുതുക**<br>പാഠഭാഗം 1, ബൈബിൾ-1 | 1½ | 2 | 3 |
| IV | **ഉത്തരമെഴുതുക**<br>ആശയം വിശദമാക്കുക, തെറ്റുതിരുത്തുക, പട്ടിക ക്രമപ്പെടുത്തുക. പത്രവാർത്ത വിശകലനം, ഫ്ളോചാർട്ട്, പദചാർട്ട്, പദ സൂര്യൻ, ജീവചരിത്രം പൂർത്തിയാക്കൽ തുടങ്ങിയ രൂപങ്ങളിലാവാം ചോദ്യങ്ങൾ<br>പാഠഭാഗം-1 (ചോയ്സ് 1), വിശുദ്ധർ-1 (ചോയ്സ് 1), നമസ്കാരം-2 | 2 | 4 | 8 |
| V | **ഒരു പേജിൽ കവിയാതെ എഴുതുക**<br>പാഠഭാഗം-2 (ചോയ്സ് 1)<br>Subjective type ചോദ്യങ്ങൾ | 3 | 2 | 6 |
| VI | **ഉപന്യസിക്കുക** രണ്ടു പേജ്<br>പാഠഭാഗം-1 (ചോയ്സ് 1) | 5 | 1 | 5 |
| VII | **പൊതുചോദ്യം - 1**<br>ഉപന്യസിക്കുക - രണ്ടുപേജ് | 5 | 1 | 5 |
| | **ആകെ** | | **18** | **35** |

| STD IX | മാർക്ക് | ശതമാനം |
|---|---|---|
| പാഠഭാഗം | 16½ മാർക്ക് | 33% |
| ബൈബിൾഭാഗം | 3½ മാർക്ക് | 7% |
| വിശുദ്ധരുടെ ജീവചരിത്രം | 4 മാർക്ക് | 8% |
| നമസ്കാരങ്ങൾ | 4 മാർക്ക് | 8% |
| പൊതുചോദ്യം | 7 മാർക്ക് | 14% |
| പ്രവൃത്തികേന്ദ്രീകൃതം | 4 മാർക്ക് | 8% |
| ഇന്റേണൽ അസസ്മെന്റ് | 11 മാർക്ക് | 22% |
| ആകെമാർക്ക് 50 | | |

ഏതെങ്കിലും കാരണങ്ങളാൽ 80% ഹാജർ ഇല്ലാതെ പോകുന്ന കുട്ടികളെ തോല്പിക്കുന്നതിനുപകരമായി പ്രത്യേക ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആവശ്യപ്പെടുകയോ, വ്യത്യസ്തമായ പരീക്ഷ രീതികൾ അവലംബിക്കുകയോ ചെയ്യുന്നതായിരിക്കും ഉചിതം. തോല്പിക്കുകയെന്നത് ഒരു പൊതു നയമായി സ്വീകരിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വേണ്ട തീരുമാനമെടുക്കുമല്ലോ. പരീക്ഷയിൽ ജയിക്കുന്ന കുട്ടികളുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടത്, തോറ്റവരെ വ്യക്തിപരമായി അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ii. സെമസ്റ്റർ പരീക്ഷകൾ**

- **ഒന്നാം സെമസ്റ്റർ പരീക്ഷ** 2016 ഒക്ടോബർ 30, 10.30am–12.30pm
- **രണ്ടാം സെമസ്റ്റർ പരീക്ഷ** 2017 ഫെബ്രുവരി 26, 10.30am–12.30pm
- **പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ :** കുട്ടികളുടെ ഓൺലൈനിലുള്ള Strength List അനുസരിച്ചായിരിക്കും ചോദ്യപേപ്പറുകളും മറ്റും ഇടവകയിലേക്കയയ്ക്കുന്നത്.

**iii. ഇന്റൻസീവ് കോഴ്സ് പരീക്ഷകൾ**

ഇന്റൻസീവ് കോഴ്സിൽ എല്ലാ കുട്ടികളും നിർബന്ധമായും പങ്കെടുത്തിരിക്കണം. ഓരോ ഇടവകയിലും ഇന്റൻസീവ് കോഴ്സിനുശേഷം നടത്തുന്ന പരീക്ഷയിൽ കുട്ടികൾ 35% മാർക്ക് കരസ്ഥമാക്കിയിരിക്കണം.

**iv. ഇന്റേണൽ അസസ്സ്മെന്റ്**

നാലു മുതൽ ഒൻപതുവരെ ക്ലാസുകളിലെ സെമസ്റ്റർ പരീക്ഷകൾക്ക് 50–ൽ 11 മാർക്ക് ഇന്റേണൽ അസസ്സ്മെന്റിനും 4 മാർക്ക് പ്രവൃത്തി കേന്ദ്രീകൃതത്തിനും നൽകുന്നു. 35 മാർക്കിനുള്ള ചോദ്യങ്ങളേ ഉണ്ടാകൂ എന്നർത്ഥം. അദ്ധ്യാപകർ കുട്ടിയുടെ വിശ്വാസ ജീവിതത്തിന് 15–ൽ നൽകുന്ന മാർക്കുൾപ്പടെ 50–ൽ മാർക്കിടണം. സ്കോളർഷിപ്പ് പരീക്ഷ ഒഴിവാക്കിയ സാഹചര്യത്തിൽ ഇതിന് കൂടുതൽ പ്രാധാന്യമുണ്ട് എന്ന് മനസ്സിലാക്കണം.

**എങ്ങനെ മാർക്ക് നൽകണം**

കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാററം, അച്ചടക്കം, സ്വഭാവ സവിശേഷതകൾ, സേവന മനോഭാവം, സാമൂഹ്യ പ്രതിബദ്ധത, മതബോധനത്തോടുള്ള താല്പര്യം, മാനസിക പക്വത ഇവയെല്ലാം കണക്കിലെടുത്ത് ഒരുമിച്ച് മാർക്കിടുകയായിരുന്നു. എന്നാൽ 15 മാർക്കുകൾ ഉള്ളപ്പോൾ ഓരോന്നിനും പ്രത്യേകം മാർക്കുകൾ കണക്കാക്കേണ്ടിവരും. ഇതിനായി നാം താഴെക്കാണുന്ന മാനദണ്ഡങ്ങളിലൂടെ വിലയിരുത്തൽ നടത്തുന്നു.

## ഇന്റേണൽ അസസ്മെന്റ് : 15 Marks (STD IV - IX)

**1. വിശുദ്ധ കുർബാനയിലെ പങ്കാളിത്തം : 3 Marks**

സെമസ്റ്ററിലെ എല്ലാ ദിവസവും ഇടവകപ്പള്ളിയിൽ കുർബാനയിൽ സംബന്ധിച്ചാൽ : 5 Marks

ആഴ്ചയിൽ 3ദിവസം കുർബാനയിൽ സംബന്ധിച്ചാൽ : 3 Marks

രണ്ടു ദിവസം കുർബാനയിൽ സംബന്ധിച്ചാൽ : 2 Marks

ഞായറാഴ്ചകളിൽ കൃത്യമായും പൂർണമായും സംബന്ധിച്ചാൽ : 1 Marks

**2. വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം : 3 Marks**

സെമസ്റ്ററിൽ ഒരു ദിവസംപോലും മുടങ്ങാതെ : 4 Marks

95-99 % ഹാജർ (ഒരു ദിവസം മുടങ്ങുന്നു) : 3 Marks

90-95 % ഹാജർ (രണ്ടു ദിവസം മുടങ്ങുന്നു) : 2 Marks

80-90 % ഹാജർ : 1 Marks

**3. ഫാമിലി യൂണിററിലെ ഭാഗഭാഗിത്വം : 2 Marks**

ഫാമിലിയൂണിററുകളിൽ എല്ലാ മാസവും കൃത്യമായി പങ്കെടുക്കുന്നു.

**4. ഭക്ത സംഘടനയിലെ ഭാഗഭാഗിത്വം : 2 Marks**

തിരുബാലസഖ്യം, CLC, CML ഇവയിൽ ഒരു സംഘടനയിൽ അംഗമായിരിക്കുകയും പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും കൃത്യമായി പങ്കെടുക്കുകയും ചെയ്യുന്നു.

**5. മതാദ്ധ്യാപകന്റെ വിലയിരുത്തൽ : 1 Marks**

അച്ചടക്കം, സ്വഭാവസവിശേഷതകൾ, സേവന മനോഭാവം, സാമൂഹ്യ പ്രതിബദ്ധത, മാനസിക പക്വത എന്നിവയുടെയെല്ലാം അടിസ്ഥാനത്തിൽ മാർക്കു നൽകുന്നു.

**6. പ്രവൃത്തി കേന്ദ്രീകൃതം : 4 Marks**

ജീവകാരുണ്യ പ്രവൃത്തികൾ (പരസ്നേഹ പ്രവർത്തനങ്ങൾ)

എല്ലാകാര്യങ്ങളിലും മുഴുവൻ മാർക്കു കിട്ടുന്നവർക്കു 18 മാർക്കുണ്ടാകുന്നതു ശ്രദ്ധിക്കുമല്ലോ. അങ്ങനെ വന്നാലും 15 മാർക്കു നൽകിയാൽ മതി. എല്ലാദിവസവും പള്ളിയിൽ വരുന്നതും, ഒരുദിവസം പോലുംവേദപാഠക്ലാസിൽമുടങ്ങാത്തതുംഎല്ലാംനാംവലിയപ്രാധാന്യത്തോടെ കാണുന്നതിനാലാണ് ഇപ്രകാരം ചെയ്യുന്നത്. ഇന്നത്തെ സാഹചര്യത്തിൽ മൂന്നു ദിവസം (ഞായർ ഉൾപ്പടെ) പള്ളിയിൽ വരുന്നതും വലിയ കാര്യമായതിനാലാണ് അതിന് മുഴുവൻ മാർക്കും നൽകുന്നത്. എന്നാൽ എല്ലാദിവസവും പള്ളിയിൽ വരുന്ന കുട്ടികൾക്ക് കൂടുതലായി മാർക്കു നൽകുന്നു.

മറ്റ് എവിടെയെങ്കിലും അല്പം കുറഞ്ഞാലും ഈ വലിയ കാര്യത്തിൽ അതു പരിഹരിക്കപ്പെടും. ഇതിന്റെ മറുപുറം ശ്രദ്ധിക്കേണ്ടതാണ്. ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ദേവാലയത്തിൽ വരാത്തതും കൃത്യമായി വേദപാഠക്ലാസിൽ ഹാജരാകാത്തതുമായ ഒരു കുട്ടിക്ക് എ പ്ലസ് മാർക്ക് കിട്ടുകയേ ഇല്ല.

ഇത് ഒരു മാറ്റമില്ലാത്ത നിയമമായി അവതരിപ്പിക്കുകയല്ല. ഇടവകയുടെ പശ്ചാത്തലത്തിൽ മേല്പറഞ്ഞ കാര്യങ്ങൾക്ക് അവസാനരൂപം നൽകേണ്ടത് ബഹുമാനപ്പെട്ട വികാരിയച്ചനാണ്. ഉദാഹരണമായി നാം വച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ഇടവകയുടെ പശ്ചാത്തലത്തിൽ എങ്ങനെ സാധ്യമാകും എന്നു ചിന്തിക്കുക. ചില മാറ്റങ്ങൾ വേണ്ടിവന്നേക്കാം. വലിയ ഇടവകകൾക്ക് വ്യത്യസ്തമായ ചില രീതികൾ (മാനദണ്ഡങ്ങൾ മാറാതെ) സ്വീകരിക്കേണ്ടിവരും. എന്നാൽ മതബോധന കാഴ്ചപ്പാടിൽനിന്നും മാറാത്തതാവണം ഈ തീരുമാനങ്ങൾ. അതായത് ഇടവകയുടെ  പ്രായോഗികത കണക്കിലെടുത്ത് കുർബാനയ്ക്ക് കുട്ടികൾ വന്നോ എന്നകാര്യം കണക്കിലെടുക്കേണ്ടതില്ല എന്നു തീരുമാനിക്കരുത്. വിശദമായ വിലയിരുത്തൽ നടത്തി ബഹുമാനപ്പെട്ട വികാരിയച്ചൻ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ഏറ്റവും ഭംഗിയായി ഇത് നടപ്പാക്കണം. 15 മാർക്കിന്റെ ഇന്റേണൽ അസസ്സ്മെന്റ് ഈ യൂണിറ്റിൽ എപ്രകാരം പ്രാവർത്തികമാക്കണമെന്ന് അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പേ കൃത്യമായി തീരുമാനിക്കുകയും അത് വ്യക്തതയോടെ കുട്ടികളെ അറിയിക്കുകയും ചെയ്യണം.

അദ്ധ്യാപകരുടെ ഭീമമായ ഉത്തരവാദിത്വത്തെക്കുറിച്ചു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഓരോ കുട്ടിക്കും വേണ്ടി ബുക്കിൽ ഒരു പേജ് സുക്ഷിക്കുകയോ പ്രത്യേകം ചാർട്ടായി ക്രമീകരിക്കുകയോ ചെയ്യണം. ഓരോരുത്തരെപ്പററിയുള്ള കൃത്യമായ വിവരങ്ങൾ മനസ്സിൽ സൂക്ഷിക്കുകയോ കുറിച്ചു വയ്ക്കുകയോ ചെയ്യണം. ഇതുപ്രകാരം മാർക്കുകൾ കണ്ടെത്തുക. മാർക്ക് കണ്ടെത്തുക എന്നതിലുപരി കുട്ടികളിൽ സ്വഭാവരൂപീകരണം സാധ്യമാവുക എന്നതിനാണ് പ്രാധാന്യം കൊടുക്കേണ്ടത്. നമ്മുടെ ഉൾക്കാഴ്ചയുടെ വെളിച്ചത്തിൽ സമയാസമയങ്ങളിൽ കുട്ടികളെ തിരുത്താനും ഉപദേശിക്കാനും പ്രോത്സാഹിപ്പിക്കാനും സമയം കണ്ടെത്തണം.കുട്ടികളുടെ മാതാപിതാക്കളുമായി നല്ല ബന്ധം ഉണ്ടാകുകയും കുട്ടികളുടെ സ്വഭാവ രൂപീകരണത്തെപ്പറ്റി അവരുമായി സംസാരിക്കുകയും ചെയ്യണം. മാതാപിതാക്കൾ എത്രമാത്രം ശ്രദ്ധിക്കുന്നോ അത്രമാത്രം കുട്ടികൾ നല്ലവരാകും.

ഒരു പക്ഷേ നിങ്ങളേക്കാൾ കൂടുതലായി കുട്ടിയെ അറിയാവുന്നവരായിരിക്കും അച്ചന്മാർ. അവരുമായി ചർച്ചചെയ്ത ശേഷം മാത്രമേ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് തീരുമാനിക്കാവൂ.

**b. സ്കോളർഷിപ്പ്**

4 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ രണ്ടു സെമസ്റ്റർ പരീക്ഷകളിലും 80% ഉം അതിനുമുകളിലും മാർക്ക് ലഭിക്കുന്ന കുട്ടികളുടെ പേപ്പറുകൾ അതിരൂപതാ തലത്തിൽ പുനഃപരിശോധന നടത്തി 90% വും അതിനുമുകളിലും മാർക്ക് ലഭിക്കുന്നവർക്ക് (A+ grade) അതിരൂപതാതലത്തിൽ അവാർഡുകളും 80% ത്തിനും 90% ത്തിനും ഇടയിൽ മാർക്ക്ലഭിക്കുന്നവർക്ക് (A grade) അതിരൂപതയിൽ നിന്ന് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.

സെമസ്റ്റർ പരീക്ഷകളെ ഗൗരവപൂർവ്വം കാണേണ്ടതുള്ളതിനാൽ ഓരോ സെമസ്റ്ററിലും 80% (35 ൽ 28 മാർക്ക്, separate minimum) ഉണ്ടായാൽ മാത്രമേ അവരെ സ്കോളർഷിപ്പിന് പരിഗണിക്കുകയുള്ളൂ. കുട്ടികൾ ജയിക്കുന്നതിനും ഇടവകയിലെ ഉയർന്നമാർക്ക് തീരുമാനിക്കുന്നതിനും ഈ separate minimum പരിഗണിക്കേണ്ടതില്ല (50 ൽ 17.5 മാർക്ക് എല്ലാംകൂട്ടികിട്ടിയാൽ പരീക്ഷയ്ക്ക് വിജയിക്കാം). കുട്ടികളെ മുൻകൂട്ടി അതിനായി ഒരുക്കാനും സെമസ്റ്റർ പരീക്ഷകളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാനും, പിഴവുകളൊന്നുംകൂടാതെ സുതാര്യമാക്കാനും അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അതിരൂപതാതലത്തിൽ പുനർമൂല്യനിർണ്ണയം നടത്തുമ്പോൾ 80% ൽ താഴെ മാർക്ക് ലഭിച്ചാൽ ആ പേപ്പറുകൾ സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല. ആദ്യത്തെ സെമസ്റ്റർ പരീക്ഷയിൽത്തന്നെ അതിരൂപതാതല പുനർമൂല്യനിർണ്ണയത്തിൽ 80% ത്തിൽ കുറവ് മാർക്ക് ലഭിച്ച കുട്ടികൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ 80% മാർക്ക് ലഭിച്ചാലും ആ കുട്ടികളുടെ പേപ്പറുകൾ അതിരൂപതയിലേക്ക് അയയ്ക്കേണ്ടതില്ല. രണ്ട് സെമസ്റ്ററിലും 80ശതമാനമോ അതിൽ കൂടുതലോ മാർക്ക് വേണമെന്നതാണ് നിബന്ധന. **A+ ലേക്ക് എത്തുന്ന പേപ്പറുകളുടെ വിലയിരുത്തലുകൾ ഏറ്റവും കൃത്യതയോടെയായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ.**

ഇടവകകളിൽ നിന്നും നൽകുന്ന പേപ്പറുകൾ പുനർമൂല്യനിർണ്ണയം നടത്തി കുറവു മാർക്കു ലഭിച്ചാൽ അവരെ ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതാണ്. വിവരം ഇടവകയിൽ അറിയിക്കുകയും ചെയ്യും.

അതിരൂപതാതല മൂല്യ നിർണ്ണയത്തിൽ പരാതിയുള്ളവർക്ക് വീണ്ടും പേപ്പറുമായി പുനർമൂല്യനിർണ്ണയത്തിന് അതിരൂപതാ കേന്ദ്രത്തെ സമീപിക്കാം. വിദഗ്ദ്ധ സമിതി അത് പരിശോധിച്ച് അന്തിമ തീരുമാനം ഇടവകയെ അറിയിക്കുന്നതാണ്.

**2016 ഒക്ടോബർ 30-ന് നടക്കുന്ന ഒന്നാം സെമസ്റ്റർ പരീക്ഷയിൽ 80% ത്തിലധികം മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ഉത്തരക്കടലാസുകളും ലിസ്റ്റും നവംബർ 15-നു മുമ്പായി ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്. 2017 ഫെബ്രുവരി 26-ന് നടക്കുന്ന രണ്ടാം സെമസ്റ്റർ പരീ**

**ക്ഷയിൽ 80%ത്തിലധികം മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ഉത്തര ക്കടലാസുകളും ലിസ്റ്റും 2017 മാർച്ച് 09-നു മുമ്പായി ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.**

## c. Enlight 2016

*To enlighten and empower children in christian values and sexual knowledge*

***എട്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി ഫൊറോനാതലത്തിൽ ഏകദിന ശില്പശാല***

*"നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയ മാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ?" (1കൊറി. 6:19)*

ക്രൈസ്തവ മൂല്യങ്ങളിലും ശരിയായ ലൈംഗീക ജ്ഞാനത്തിലും ശക്തിപ്പെടുത്താൻ 8-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായി ഏകദിന ശില്പശാല നടത്തുന്നു.

മാറുന്ന മൂല്യസങ്കല്പങ്ങൾക്കു നടുവിൽ ക്രിസ്തീയ തനിമയും മൂല്യ ബോധവും വീണ്ടെടുക്കാൻ, അപക്വവും അപര്യാപ്തവുമായ ലൈംഗീക ജ്ഞാനം കുട്ടികളെ അധാർമ്മികതയിലേയ്ക്കും അബദ്ധങ്ങളിലേയ്ക്കും നയിക്കുന്ന ഈ കാലഘട്ടത്തിൽ അവർക്ക് ശരിയായ ലൈംഗീക ജ്ഞാനവും മൂല്യബോധവുമേകാൻ ഇളംപ്രായത്തിലേ ഒരുമിച്ചു കൂട്ടി വെളിച്ചം പകരാം. പ്രകാശിതരാക്കാം. 8-ാം ക്ലാസിലെ വിദ്യാർത്ഥികളെ ഫൊറോനാതലത്തിൽ ഒരുമിച്ചു കൂട്ടി ചില ഉൾക്കാഴ്ചകൾ നല്കാം.

ഓരോ ഫൊറോനയിലും നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളിൽ ഒരു മുഴുവൻ ദിന പരിപാടിയായിട്ടാണ് ഇത് നടത്തപ്പെടുന്നത്. വിശദ മായ ടൈംടേബിൾ ഇതോടൊപ്പം നൽകുന്നുണ്ട്. അതിരൂപതയിൽ നിന്നും നല്കപ്പെടുന്ന റിസോഴ്സ് ടീം ആണ് ഓരോ ഫൊറോന യിലും ഇതിന് നേതൃത്വം നല്കുക. ശനിയാഴ്ചകളിലും മററ് അവധി ദിവസങ്ങളിലുമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഈ പ്രോഗ്രാമിൽ കുട്ടിക ളുടെ പങ്കാളിത്തം നിർബന്ധമാണ്.

**TIME TABLE**

| | |
|---|---|
| 9.00 am | Registration |
| 9.15 am | Inauguration / Introduction |
| 9.30 am | **Session I** *(Need to identify the Christian identity)* |
| 10.30 am | Break |
| 10.45 am | **Session II** *(Know that I am a sexual / Sensual Being)* |
| 12.15 pm | **Holy Mass** |
| 1.00 pm | Lunch Break |
| 1.30 pm | **An interactive session** |
| 2.45 pm | **Session III** |
| 3.45 pm | Evaluation |
| 4.00 pm | Good Bye |

## D. X -ാം ക്ലാസ്സ്

**a. പ്രമോഷൻ മാനദണ്ഡങ്ങൾ**

| | | | |
|---|---|---|---|
| i. | ഹാജർ | - | 80% എങ്കിലും വേണം |
| ii. | രണ്ടാം സെമസ്റ്റർ പരീക്ഷ | - | 35% മാർക്ക് |
| iii. | ഇന്റൻസീവ് കോഴ്സ് | | |
| iv. | ഇന്റേണൽ അസസ്സ്മെന്റ് | - | 40% എങ്കിലും |

**i. ഹാജർ**

80% ഹാജർ നിർബന്ധമായും എല്ലാ കുട്ടികൾക്കും ഉണ്ടായിരിക്കേണ്ടതാണ്.

**ii. സെമസ്റ്റർ പരീക്ഷകൾ**

**ഒന്നാം സെമസ്റ്റർ പരീക്ഷ:** 2016 ഒക്ടോബർ 30, 10.30am-12.30pm (സർട്ടിഫിക്കറ്റ് പരീക്ഷയ്ക്കുള്ള മോഡൽ പരീക്ഷയായി ഈ പരീക്ഷയെ കാണാവുന്നതാണ്).

**രണ്ടാം സെമസ്റ്റർ പരീക്ഷ (സർട്ടിഫിക്കറ്റ് പരീക്ഷ):** 2017 ജനുവരി 26 വ്യാഴം 2.00 pm - 4.00 pm. സർട്ടിഫിക്കറ്റ് പരീക്ഷയ്ക്ക് ഒന്നുംരണ്ടും സെമസ്റ്ററുകളിലെ പാഠ്യഭാഗങ്ങൾ മുഴുവനും ഉൾപ്പെടുത്തിയിരിക്കും.

**iii. ഇന്റൻസീവ് കോഴ്സ്**

ഇന്റൻസീവ് കോഴ്സ് പരീക്ഷയുടെ മാർക്കുകൾ സൺഡേ സ്ക്കൂൾ സർട്ടിഫിക്കറ്റിന് ബാധകമല്ലെങ്കിലും 10-ാം ക്ലാസ്സിലെ കുട്ടികൾ നിർബന്ധമായും ആ വർഷത്തെ ഇന്റൻസീവ് കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

**iv. ഇന്റേണൽ അസസ്സ്മെന്റ്**

ഇന്റേണൽ അസസ്സ്മെന്റ് - കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാററം, അച്ചടക്കം, സ്വഭാവ സവിശേഷതകൾ, സേവനമനോഭാവം, സാമൂഹ്യ പ്രതിബദ്ധത, മതബോധനത്തോടുള്ള താല്പര്യം, മാനസിക പക്വത ഇവയെല്ലാം കണക്കിലെടുത്ത് ഒരുമിച്ച് മാർക്കിടുന്നതിനു പകരം പേജ് 31-ൽ തന്നിരിക്കുന്ന മാനദണ്ഡങ്ങളിലൂടെ വിലയിരുത്തൽ നടത്തി 10 മാർക്ക് ഇന്റേണൽ അസസ്സ്മെന്റിന് നൽകണം. 40 മാർക്കിനുള്ള ചോദ്യങ്ങളെ ഉണ്ടാവൂ. 2017 ജനുവരി 31-ന് മുമ്പ് ഇന്റേണൽ അസസ്മെന്റ് മാർക്ക് ഓൺലൈനിൽ Enter ചെയ്യണം.

എല്ലാകാര്യങ്ങളിലും മുഴുവൻ മാർക്കു കിട്ടുന്നവർക്കു 13 മാർക്കുണ്ടാകുന്നതു ശ്രദ്ധിക്കുമല്ലോ. അങ്ങനെ വന്നാലും 10 മാർക്കു നൽകിയാൽ മതി. എല്ലാദിവസവും പള്ളിയിൽ വരുന്നതും, ഒരു ദിവസം പോലും വേദപാഠക്ലാസിൽ മുടങ്ങാത്തതും എല്ലാം നാം വലിയ പ്രാധാന്യത്തോടെ കാണുന്നതിനാലാണ് ഇപ്രകാരം ചെയ്യുന്നത്. ഇന്നത്തെ സാഹചര്യത്തിൽ മൂന്നു ദിവസം (ഞായർ ഉൾപ്പടെ) പള്ളിയിൽ വരുന്നതും വലിയകാര്യമായതിനാലാണ് അതിന് മുഴുവൻ മാർക്കും നൽകു

| STD X | | മാർക്ക് | എണ്ണം | ആകെ മാർക്ക് |
|---|---|---|---|---|
| I | **ഒറ്റവാക്കിൽ ഉത്തരമെഴുതുക.**<br>പാഠഭാഗം 2, ബൈബിൾ-1, സത്യദീപം-2 | 1 | 5 | 5 |
| II | **ദൈവവചനം എഴുതുക**<br>പാഠഭാഗം 2 | 1½ | 2 | 3 |
| III | **ഉത്തരമെഴുതുക**<br>ആശയം വിശദമാക്കുക, തെറ്റുതിരുത്തുക, പട്ടിക ക്രമപ്പെടുത്തുക, പത്രവാർത്ത വിശകലനം, ഫ്ളോചാർട്ട് തുടങ്ങിയ രൂപങ്ങളിലാവാം ചോദ്യങ്ങൾ<br>പാഠഭാഗം-2 (ചോയ്സ് 1) | 3 | 2 | 6 |
| IV | **ബൈബിൾ പഠനവും നമസ്ക്കാരങ്ങളും**<br>ബൈബിൾഭാഗം-1<br>നമസ്കാരങ്ങൾ-2 | 3 | 3 | 9 |
| V | **ഒരു പേജിൽ കവിയാതെ എഴുതുക**<br>പാഠഭാഗം-2 (ചോയ്സ് 1)<br>Subjective type ചോദ്യങ്ങൾ | 3½ | 2 | 7 |
| VI | **ഉപന്യസിക്കുക** രണ്ടു പേജ്<br>പാഠഭാഗം - 1 (ചോയ്സ് 1) | 5 | 1 | 5 |
| VII | **പൊതുചോദ്യം - 1**<br>ഉപന്യസിക്കുക - രണ്ടുപേജ് | 5 | 1 | 5 |
| | **ആകെ** | | **16** | **40** |

| STD X | മാർക്ക് | ശതമാനം |
|---|---|---|
| പാഠഭാഗം | 23 മാർക്ക് | 46% |
| ബൈബിൾഭാഗം | 4 മാർക്ക് | 8% |
| നമസ്കാരങ്ങൾ | 6 മാർക്ക് | 12% |
| പൊതുചോദ്യം | 7 മാർക്ക് | 14% |
| ഇന്റേണൽ അസസ്സ്മെന്റ് | 10 മാർക്ക് | 20% |
| ആകെമാർക്ക് 50 | | |

## ഇന്റേണൽ അസസ്സ്മെന്റ് : 10 Marks (STD X, XI, XII)

**1. വിശുദ്ധ കുർബാനയിലെ പങ്കാളിത്തം : 3 Marks**

| | |
|---|---|
| സെമസ്റ്ററിലെ എല്ലാ ദിവസവും ഇടവകപ്പള്ളിയിൽ കുർബാനയിൽ സംബന്ധിച്ചാൽ | : 5 Marks |
| ആഴ്ചയിൽ 3ദിവസം കുർബാനയിൽ സംബന്ധിച്ചാൽ | : 3 Marks |
| രണ്ടു ദിവസം കുർബാനയിൽ സംബന്ധിച്ചാൽ | : 2 Marks |
| ഞായറാഴ്ചകളിൽ കൃത്യമായും പൂർണമായും സംബന്ധിച്ചാൽ | : 1 Marks |

**2. വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം : 3 Marks**

| | |
|---|---|
| സെമസ്റ്ററിൽ ഒരു ദിവസംപോലും മുടങ്ങാതെ | : 4 Marks |
| 95-99 % ഹാജർ (ഒരു ദിവസം മുടങ്ങുന്നു) | : 3 Marks |
| 90-95 % ഹാജർ (രണ്ടു ദിവസം മുടങ്ങുന്നു) | : 2 Marks |
| 80-90 % ഹാജർ | : 1 Marks |

**3. ഫാമിലി യൂണിററിലെ ഭാഗഭാഗിത്വം : 2 Marks**

ഫാമിലിയൂണിററുകളിൽ എല്ലാ മാസവും കൃത്യമായി പങ്കെടുക്കുന്നു.

**4. ഭക്ത സംഘടനയിലെ ഭാഗഭാഗിത്വം : 1 Marks**

തിരുബാലസഖ്യം, CLC, CML ഇവയിൽ ഒരു സംഘടനയിൽ അംഗമായിരിക്കുകയും പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും കൃത്യമായി പങ്കെടുക്കുകയും ചെയ്യുന്നു.

**5. മതാദ്ധ്യാപകന്റെ വിലയിരുത്തൽ : 1 Marks**

അച്ചടക്കം, സ്വഭാവസവിശേഷതകൾ, സേവന മനോഭാവം, സാമൂഹ്യ പ്രതിബദ്ധത, മാനസിക പക്വത എന്നിവയുടെയെല്ലാം അടിസ്ഥാനത്തിൽ മാർക്കു നൽകുന്നു.

ന്നത്. എന്നാൽ എല്ലാദിവസവും പള്ളിയിൽ വരുന്ന കുട്ടികൾക്ക് കൂടുതലായി മാർക്കു നൽകുന്നു. മറ്റ് എവിടെയെങ്കിലും അല്പം കുറഞ്ഞാലും ഈ വലിയ കാര്യത്തിൽ അതു പരിഹരിക്കപ്പെടും.

**b. സർട്ടിഫിക്കറ്റ് പുന:പരീക്ഷയും നിബന്ധനകളും**

എതെങ്കിലും പ്രത്യേക കാരണത്താൽ ജനുവരി 26-ാം തീയതി നടത്തപ്പെടുന്ന സർട്ടിഫിക്കറ്റ് പരീക്ഷ എഴുതാൻ കഴിയാത്ത കുട്ടികൾക്കും, പ്രസ്തുത പരീക്ഷയിൽ വിജയിക്കാത്തവർക്കുമായി (35% മാർക്ക് ലഭിക്കാത്തവർ) കലൂർ റിന്യൂവൽ സെന്ററിൽ വച്ച് 2017 ഏപ്രിൽ 29 ശനിയാഴ്ച്ച 10 am മുതൽ 12 മണിവരെ പുന:പരീക്ഷ നടത്തപ്പെടുന്നു.

പുന:പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ പേരുകൾ പ്രസ്തുത പരീക്ഷയ്ക്ക് രണ്ടാഴ്ച മുമ്പായി ബഹു. വികാരിയച്ചന്റെ ശുപാർശയോടു കൂടി അതിരൂപതാ മതബോധന കേന്ദ്രത്തിൽ ഏല്പ്പി

ക്കേണ്ടതാണ്. ഇവരുടെ ഉത്തരക്കടലാസുകൾ അവാർഡുകൾക്ക് പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റ് പുനഃപരീക്ഷ എഴുതുന്നതിന് 10-ാം ക്ലാസിൽ 80% ഹാജരെങ്കിലും ഉണ്ടായിരിക്കണം.

**c. ഉത്തരക്കടലാസ് പുനഃപരിശോധന**

ഉത്തരക്കടലാസ് പുനഃപരിശോധന ആവശ്യമുള്ളവർ വികാരിയച്ചന്റെ ശുപാർശയോടെ അതിരൂപതാ കേന്ദ്ര ഓഫീസിൽ രേഖാമൂലം റിസൾട്ട് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ മുഴുവൻ പേരും (വീട്ടുപേര്,അപ്പന്റെ പേര്, കുട്ടിയുടെ പേര്) ഇടവക, പഠിക്കുന്ന ക്ലാസ്സ്, രജിസ്റ്റർ നമ്പർ എന്നിവ വ്യക്തമാക്കിയിരിക്കണം. പുനഃപരിശോധനയിൽ ലഭിക്കുന്ന മാർക്കായിരിക്കും അവസാന മാർക്കായി പരിഗണിക്കുക.

**d. പേപ്പർ വാല്യൂവേഷൻ**

പത്താം ക്ലാസ് സർട്ടിഫിക്കറ്റ് പരീക്ഷയുടെ ഉത്തരക്കടലാസ് പരിശോധന 2017 ഫെബ്രുവരി 4, ഫെബ്രുവരി 5 തീയതികളിലായി നടത്തുന്നതാണ്. ഉത്തരക്കടലാസ് പരിശോധനയ്ക്കായി യൂണിറ്റുകളിൽ നിന്നും പത്താം ക്ലാസിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെ പറഞ്ഞുവിടാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**e. ഓൺലൈനിൽ (Caticorp) ചെയ്യേണ്ടത്**

**10-ാം ക്ലാസ്സിലെ അറ്റൻഡൻസിന്റെ ശതമാനവും ഇന്റേണൽ അസ്സസ്മെന്റിന്റെ മാർക്കും 2017 ജനുവരി 31-ന് മുൻപ് ഓൺലൈനിൽ Enter ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യാത്തപക്ഷം റിസൽട്ട് ഇൻ കംപ്ലീറ്റ് ആകും എന്ന് അറിയാമല്ലോ.**

## E. XI & XII ഡിപ്ലോമ കോഴ്സ്

**a. സൺഡേ സ്കൂൾ ഡിപ്ലോമ കോഴ്സ് പൊതു നിബന്ധനകൾ**

മതബോധന പത്താം ക്ലാസ്സ് സർട്ടിഫിക്കററ് പരീക്ഷയിൽ വിജയിച്ചവർക്കായി രണ്ടുവർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നു. സർട്ടിഫിക്കററ് പരീക്ഷയിൽ തോററവർക്കും XI-ാം ക്ലാസ്സിൽ സംബന്ധിക്കാവുന്നതാണ്. എന്നാൽ സർട്ടിഫിക്കററ് പരീക്ഷഎഴുതി വിജയിച്ചതിനുശേഷം മാത്രമേ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

ഡിപ്ലോമയ്ക്ക് ആകെ 250 മാർക്കാണ് ഉള്ളത്. ഒന്നാംവർഷ പൊതുപരീക്ഷ - 80, രണ്ടാംവർഷ പൊതുപരീക്ഷ-80, സോഷ്യൽ ഔട്ട്റീച്ച് പ്രോഗ്രാം പങ്കാളിത്തവും റിപ്പോർട്ടും - 25, Adopt a family പ്രോഗ്രാമിലെ പങ്കാളിത്തത്തിന് അധ്യാപകൻ നൽകുന്ന മാർക്ക് - 25. ഇന്റേണൽ അസെസ്സ്മെന്റ് മാർക്ക് - 40

### b. ഒന്നാം വർഷത്തെ കോഴ്സുപൂർത്തിയാക്കാൻ നാലു കാര്യങ്ങൾ

### I. ഹാജർ

ഒന്നാംവർഷ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കുവാൻ 60% ഹാജർ നിർബന്ധമായും ഒരു കുട്ടിക്ക് ഉണ്ടായിരിക്കേണ്ടതാണ്.

### II. സോഷ്യൽ ഔട്ട്റീച്ച് പ്രോഗ്രാം

#### സാമൂഹ്യപ്രതിബദ്ധതയിലേക്ക് ഒരു ചുവട്

25 മാർക്കുകൾ നൽകുന്ന സോഷ്യൽ ഔട്ട്റീച്ച് പ്രോഗ്രാമിന് പോകുന്ന കുട്ടികളുടെ 3 പേജുള്ള റിപ്പോർട്ടും പങ്കെടുത്തവരുടെലിസ്റ്റും അദ്ധ്യാപകന്റെ പൊതുവായ വിലയിരുത്തൽ സഹിതം (എന്ന്, എവിടെ, എങ്ങനെ സന്ദർശനം നടന്നു). വികാരിയച്ചന്റെ ഒപ്പോടെ 2017 ജനുവരി 14-ന് മുമ്പ് ഫൊറോന കേന്ദ്രത്തിൽ എത്തിക്കണം. ഫൊറോനകേന്ദ്രത്തിൽ പരിശോധിച്ച് മാർക്കുകൾ നൽകുന്നു. മാർക്ക് ലിസ്റ്റ് 2017 മാർച്ച് 1-ാം തിയതിയ്ക്കകം മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. വളരെ വ്യത്യസ്തവും നൂതനവുമായ പദ്ധതികൾ ആസൂത്രണം ചെയ്തതിന്റെ റിപ്പോർട്ടുകൾ അതിരൂപതയുടെ ശ്രദ്ധയിൽ പെടുത്തണമെന്നും പ്രത്യേക പ്രോത്സാഹനം അർഹിക്കുന്നതാണെന്നു കരുതുന്നെങ്കിൽ ഫൊറോന ഡയറക്ടറുടെ ഒപ്പോടുകുടി അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്.

വൃദ്ധമന്ദിരങ്ങൾ, Houses for Differently Abled Persons അഗതിമന്ദിരങ്ങൾ, സർക്കാർ ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിച്ച് ജീവിതത്തിന്റെ പച്ചയായ ചില യാഥാർത്ഥ്യങ്ങളെ ഹൃദയത്തിൽ പതിയാൻ തക്കവിധം ഒരു ദിവസം മുഴുവൻ അവരോടൊപ്പം ചെലവഴിച്ചു ചെയ്യാൻ സാധിക്കുന്ന സേവന ശുചീകരണ പ്രവർത്തനങ്ങൾ (ഉദാ: മുറിയും പരിസരവും വൃത്തിയാക്കുക, തുണികൾ അലക്കുക, മുടിവെട്ടുക, പാചകം ചെയ്യാൻ സഹായിക്കുക, ഭക്ഷണം നല്കുക, കുളിപ്പിക്കുക, etc) നടത്തുകയും, മറ്റു സഹായങ്ങൾ ചെയ്യുകയുംചെയ്യുക.

വർഷാരംഭത്തിൽത്തന്നെ സന്ദർശിക്കുന്ന സ്ഥലം തീരുമാനിച്ചാൽ ഓരോ ആഴ്ചയും അവരെ സമർപ്പിച്ചു പ്രാർത്ഥിക്കുകയും ത്യാഗ പ്രവൃത്തികളിലൂടെയും ആശയടക്കത്തിലൂടെയും സമാഹരിക്കുന്ന തുക അവർക്ക് നല്കുകാൻ സാധിക്കും.

ഓരോ ഇടവകയിലും അദ്ധ്യാപകന്റെ നേതൃത്വത്തിലും ബഹുമാനപ്പെട്ട വൈദീകരുടെ നിരീക്ഷണത്തിലും വേണം സ്ഥലം തിരഞ്ഞെടുക്കേണ്ടതും ക്രമീകരണങ്ങൾ ചെയ്യേണ്ടതും. കുട്ടികൾക്ക് കുടുതൽ അനുഭവവും വിശ്വാസസ്ഥിരതയും നൽകുന്ന സ്ഥലങ്ങൾ തിരഞ്ഞെടുക്കുവാൻ ശ്രമിക്കുക.

എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും കുട്ടികൾക്ക് സ്വന്തം ഇടവക നടത്തുന്ന സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാമിൽ പങ്കെടുക്കാൻ

സാധിക്കാതെ പോയാൽ ബഹുമാനപ്പെട്ട വികാരിയച്ചന്റെ അനുവാദത്തോടെ മറ്റേതെങ്കിലും ഇടവക നടത്തുന്ന സോഷ്യൽ ഔട്ട്റീച്ച് പ്രോഗ്രാമിൽ പങ്കുചേർന്ന് ആവശ്യമായ വ്യവസ്ഥകൾ പൂർത്തിയാക്കാവുന്നതാണ്. സന്ദർശനകേന്ദ്രം, തീയതി എന്നിവയുടെ കാര്യത്തിൽ ഇടവകയുടെ സൗകര്യമാണ് പ്രധാനം.

### III. ഒന്നാംവർഷം സെമസ്റ്റർ പരീക്ഷയും പൊതുപരീക്ഷയും

- **ഒന്നാം സെമസ്റ്റർ പരീക്ഷ:** 2016 ഒക്ടോബർ 30. 10.30am–12.30pm.

  (ഇതിനെ ഒരു മോഡൽ പരീക്ഷയായി കരുതിയാൽ മതി.)

- **പൊതുപരീക്ഷ** : 2017 ജനുവരി 26 വ്യാഴം 2.00 pm–4.00pm

പ്രസ്തുത പൊതു പരീക്ഷയ്ക്കു മുഴുവൻ പാഠ്യഭാഗങ്ങളും ഉൾപ്പെടുത്തിയിരിക്കും (മാർക്കു വിഭജനം പേജ് 35 കാണുക). 2017 ജനുവരി 26–ന് നടക്കുന്ന ഒന്നാം വർഷഡിപ്ലോമ പോതുപരീക്ഷയുടെ പേപ്പർ അതാതു ഇടവകകളിൽനോക്കി മാർക്കുകൾ 80–ൽ എത്രയെന്നും 20–ൽ എത്രയെന്നും കൃത്യമായി 2017 ഫെബ്രുവരി 13–നകം ഓൺലൈനിൽ കയറ്റണം. 80–ൽ 56 മാർക്കും അതിൽകൂടുതലും 20–ൽ ഇന്റേണൽ അസസ്സ്മെന്റിനുള്ള മാർക്കും കൂടി കുട്ടുമ്പോൾ 70–ഉം അതിലധികവും മാർക്ക് ലഭിക്കുന്ന പേപ്പറുകൾ 2017 ഫെബ്രുവരി 09–നകം ഫൊറോനയിൽഎത്തിക്കണം. എല്ലാവരുടെയും മാർക്കു ലിസ്റ്റ് അതിരൂപതയിൽ ഏല്പിക്കേണ്ടതില്ല. ഓൺലൈനിൽ നിന്നും എടുക്കുന്നതാണ്.

### IV. ഇന്റേണൽ അസസ്സ്മെന്റ്

വിശദാംശങ്ങൾ 31-ാമത്തെ പേജിൽ നല്കിയിരിക്കുന്നു (പത്താം ക്ലാസ്സിലേതു തന്നെ). 2017 ജനുവരി 31–ന് മുമ്പ് ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് ഓൺലൈനിൽ Enter ചെയ്യണം.

### c. വാൾ മാഗസിൻ

സൺഡേ സ്കൂൾ ഡിപ്ളോമ ഒന്നാം വർഷ ക്ലാസ്സിലെ വിദ്യാർത്ഥികൾ ചുവർ മാസിക (Wall Magazine) തയ്യാറാക്കുക.

Wall Magazine നിർമ്മാണം: ഒരു പ്രത്യേക ആശയമോ പല ആശയങ്ങളോ വ്യക്തമാക്കത്തക്ക രീതിയിൽ കലാ-സാഹിത്യ സൃഷ്ടികളുടെ ശേഖരം, കലാപരമായും ആകർഷകമായും ക്രമീകരിച്ചു പ്രദർശിപ്പിക്കുകയാണ് ചുവർമാസികകൊണ്ടുദ്ദേശിക്കുന്നത്. ചിത്രങ്ങൾ വരച്ചും, ആശയങ്ങൾ ലേഖനം, കഥ, കവിത എന്നീ രൂപങ്ങളിൽ എഴുതിയും, പേപ്പർ കട്ടിങ്ങ്സ്, പടങ്ങൾ, ഫോട്ടോകൾ എന്നിവ ഉപയോഗിച്ചും, നല്ലൊരു ലേഔട്ടിൽ ക്രമീകരിച്ച് അതാതു യൂണറ്റുകളിൽ തയ്യാറാക്കി പ്രൊമോട്ടേഴ്സ് വരുന്ന ദിവസം പ്രദർശിപ്പിക്കണം.

| STD XI & XII | | മാർക്ക് | എണ്ണം | ആകെ മാർക്ക് |
|---|---|---|---|---|
| I | **ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക.** പാഠഭാഗത്തെ ആസ്പദമാക്കി 3 Subjective type ചോദ്യങ്ങൾ (ചോയ്സ് 1) | 5 | 3 | 15 |
| II | **ഖണ്ഡിക എഴുതുക** പാഠഭാഗം 3, (ചോയ്സ് 1) | 3 | 3 | 9 |
| III | **ഉത്തരമെഴുതുക** (ദൈവവചനം പൂർത്തിയാക്കുക, വിചിന്തനം എഴുതുക etc) ബൈബിൾഭാഗം 5 മാർക്ക്, നമസ്കാരങ്ങൾ 5 മാർക്ക് | | | 10 |
| IV | **പൊതുചോദ്യം - 1** ഉപന്യസിക്കുക - രണ്ടുപേജ് | 6 | 1 | 6 |
| | **ആകെ** | | | **40** |

| STD XI & XII | മാർക്ക് | ശതമാനം |
|---|---|---|
| പാഠഭാഗം | 24 മാർക്ക് | 48% |
| ബൈബിൾഭാഗം | 5 മാർക്ക് | 10% |
| നമസ്കാരങ്ങൾ | 5 മാർക്ക് | 10% |
| പൊതുചോദ്യം | 6 മാർക്ക് | 12% |
| ഇന്റേണൽ അസസ്മെന്റ് | 10 മാർക്ക് | 20% |
| ആകെമാർക്ക് | 50 | |

ഒന്നാം വർഷ ഡിപ്ളോമ ക്ലാസ്സിൽ പഠിക്കുന്ന, കഴിയുന്നതും എല്ലാ വിദ്യാർത്ഥികളും ഇതിൽ പങ്കുചേരേണ്ടതാണ്. ചുവർ മാസിക തയ്യാറാക്കേണ്ടത് വിദ്യാർത്ഥികൾ തന്നെയാണ്. അദ്ധ്യാപകർ ആശയങ്ങളും നിർദ്ദേശങ്ങളും നൽകുക മാത്രമേ ചെയ്യാവൂ.

ഈ വർഷത്തെ ചുവർ മാസിക തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കേണ്ട വിഷയം **'കരുണയായ് സാക്ഷ്യമേകാൻ'** എന്നതാണ്. ഈ വിഷയത്തിന് അനുസൃതമായ ചിത്രങ്ങളും ആശയങ്ങളും കവിതകളും മററുസാഹിത്യ സൃഷ്ടികളുമാണ് മാസികയിൽ ഉൾപ്പെടുത്തേണ്ടത്.

### d. ഓൺലൈനിൽ (Caticorp) ചെയ്യേണ്ടത്

**11-ാം ക്ലാസ്സിലെ അറ്റൻൻസിന്റെ ശതമാനവും ഇന്റേണൽ അസ്സസ്മെന്റിന്റെ മാർക്കും 2017 ജനുവരി 31-ന് മുൻപ് ഓൺലൈനിൽ Enter ചെയ്യേണ്ടതാണ്. 11-ാം ക്ലാസിലെ പൊതുപരീക്ഷയുടെ മാർക്ക് 2017 ഫെബ്രുവരി 13-നു മുമ്പ് Enter ചെയ്യണം.**

## e. രണ്ടാം വർഷം വിജയകരമായി പൂർത്തിയാക്കാൻ അഞ്ചുകാര്യങ്ങൾ ശ്രദ്ധിക്കണം.

**I. ഹാജർ**

രണ്ടാംവർഷ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കുവാൻ 60% ഹാജർ നിർബന്ധമായും ഒരു കുട്ടിക്ക് ഉണ്ടായിരിക്കേണ്ടതാണ്.

**II. അഡോപ്റ്റ് എ. ഫാമിലി പ്രോഗ്രാം**

25 മാർക്കുകൾ നൽകുന്ന അഡോപ്റ്റ് എ. ഫാമിലി പ്രോഗ്രാമിൽ പങ്കെടുക്കുകയും അതിന്റെ മാർക്കുകൾ 2017 ജനുവരി 31-നു മുൻപ് ഓൺലൈനിൽ രേഖപ്പെടുത്തുകയും വേണം. ഈ പ്രോഗ്രാമിന്റെ നടത്തിപ്പിനെ ക്കുറിച്ചുള്ള അധ്യാപകന്റെ പൊതുവായ റിപ്പോർട്ട്, വികാരിയച്ചന്റെ ഒപ്പോടെ 2017 ജനുവരി 21-നു മുമ്പ് ഫൊറോന കേന്ദ്രത്തിൽ എത്തിക്കണം. എന്താണ് ഈ പ്രോഗ്രാമെന്ന് താഴെകൊടുത്തിട്ടുണ്ട്.

ഡിപ്ളോമ ഒന്നാം വർഷത്തിൽ Social Out Reach Programme നടത്തുന്ന നമ്മുടെ കുട്ടികൾ രണ്ടാം വർഷത്തിൽ അതിൽ നിന്നും ഒരു പടികൂടി മുന്നോട്ട് പോകേണ്ടതുണ്ട്. അതിനായി കുറച്ചുകൂടി ജീവിതബന്ധിയായി Adopt A family Programme പന്ത്രണ്ടാം ക്ലാസ്സുകാർക്കായി നടത്തുന്നു. അതിനുള്ള 25 മാർക്ക് പ്രസ്തുത പ്രോഗ്രാമിൽ ഓരോ കുട്ടിയുടേയും പങ്കാളിത്തവും താല്പര്യവും ഓരോ ഘട്ടത്തിലും വിലയിരുത്തി അദ്ധ്യാപകർ നൽകേണ്ടതാണ്.

**എന്താണ് ഈ പ്രോഗ്രാം?:** ഡിപ്ളോമ രണ്ടാം വർഷ കുട്ടികൾ ഒരു കുടുംബത്തെ അവരുടെ ഇല്ലായ്മയിൽ ആവശ്യം തിരിച്ചറിഞ്ഞ് സഹായിക്കണം. അദ്ധ്യയന വർഷാരംഭം മുതൽ ജനുവരി 26 വരെ ഓരോ ആഴ്ചയിലും ആ കുടുംബത്തെ നമ്മുടെ കുട്ടികൾസഹായിക്കും.

**സഹായം നൽകേണ്ട കുടുംബത്തെ തെരഞ്ഞെടുക്കേണ്ട വിധം:** നമ്മുടെ ഇടവകാതിർത്തിയിലോ പുറത്തോ ഉള്ള ഏതു മതത്തിൽ പ്പെട്ടവരായാലും ഏററവും അർഹതയുള്ളവരെ സഹായത്തിനായി തെരഞ്ഞെടുക്കണം. കുടുംബത്തെ തെരഞ്ഞെടുക്കേണ്ടത് ബഹുമാന പ്പെട്ട വികാരിയച്ചനായിരിക്കണം. ക്ലാസദ്ധ്യാപകനും വിദ്യാർത്ഥികളും ഒരുമിച്ചിരുന്ന് അവരുടെ അഭിപ്രായം കൂടി പരിഗണിച്ച് വികാരിയച്ചൻ കുടുംബത്തെ തെരഞ്ഞെടുത്താൽ കൂടുതൽ നല്ലത്. വിൻസെന്റ് ഡി പോൾ സംഘത്തിൽ നിന്നും ഒരു ദത്തു കുടുംബത്തെ ഒരു വർഷത്തേക്ക് ഏറെറടുക്കുകയോ അവരുടെ അഭിപ്രായം ആരായുകയോ ചെയ്യുന്നതിലും തെററില്ല. എങ്ങനെ ആയാലും അവസാന തീരുമാനം എടുക്കേണ്ടത് ബഹുമാനപ്പെട്ട വികാരിയച്ചനായിരിക്കണം. കുട്ടികളുടെ എണ്ണമനുസരിച്ച് 20 പേർ വീതമുള്ള ഗ്രൂപ്പുകളാക്കി ഒന്നിലധികം കുടുംബങ്ങളെയും സഹായിക്കാം.

**സഹായം നൽകേണ്ട രീതി:** ആ കുടുംബത്തിന് ഏററവും ആവശ്യം എന്നു തോന്നുന്ന കാര്യത്തിനായി നമുക്ക് ആഴ്ചയിൽ നൽകാവുന്ന തുക ആ വീട്ടിൽ എത്തിക്കണം. അത് മരുന്നാകാം, ചികിത്സാസഹായ മാകാം, ഭക്ഷണമാകാം, മററുസഹായങ്ങളാകാം.ഇതിലേക്കാവശ്യ മായ നിശ്ചിത തുകയോ സാധനങ്ങളോ ക്ലാസിലെ രണ്ടു കുട്ടികൾ വീതം മാറി മാറി ആ വീട്ടിലെത്തി ഓരോ ആഴ്ചയും നൽകണം. സഹാ യിക്കാൻ പോകുമ്പോൾ ആ വീട്ടിൽ നിന്ന് യാതൊരു വിധ സൽക്കാര ങ്ങളും സ്വീകരിക്കരുത്. എന്നാൽ ചില വിശേഷ അവസരങ്ങളിൽ എല്ലാ വരും ഒരുമിച്ച് ആ വീട്ടിൽ പോയി നാം കൊണ്ടുചെല്ലുന്ന ഭക്ഷണം അവരുമായി പങ്കുവച്ച് ഒരുമിച്ച് ഭക്ഷിക്കുന്നത് നന്നായിരിക്കും.

**സഹായനിധി രൂപീകരിക്കേണ്ട വിധം:** ആവശ്യങ്ങൾക്കനുസരിച്ച് എത്രമാത്രം തുക നൽകാനാവും എന്ന് തീരുമാനിക്കുക. ഇടവകയിലെ ആളുകളെ സമീപിച്ച് ഈ ആവശ്യത്തിലേക്ക് പത്തോ ഇരുപതോ രൂപ എല്ലാ ആഴ്ചയും തരാമോ എന്ന് ആരായുക. ഇപ്രകാരം ക്ലാസ്സിലെ എല്ലാവരും നാലോ അഞ്ചോ പേരെ കണ്ടുപിടിച്ച് സഹായത്തിനുള്ള പണം കണ്ടെത്തണം. ഒരു കുട്ടി സ്വന്തം വീട്ടിൽനിന്നുതന്നെ നൂറോ ഇരുന്നൂറോ രൂപ കൊണ്ടു വരുന്നത് അനുവദിക്കരുത്.

**പ്രവർത്തനം വിലയിരുത്തൽ:** 25 മാർക്ക് ഇതിനു നൽകാം. ഈ പ്രോഗ്രാമിന്റെ ഓരോ ഘട്ടത്തിലും കുട്ടിയുടെ ഇടപെടലും ഓരോ ആഴ്ചയിലേയും കുട്ടിയുടെ പങ്കാളിത്തവും താല്പര്യവുമനുസരിച്ച് അദ്ധ്യാപകൻ മാർക്ക് നൽകണം. ഇതിനായി ഒരു പ്രത്യേക രജിസ്റ്റർ അദ്ധ്യാപകൻ സൂക്ഷിക്കണം.

**ചിലമാനദണ്ഡങ്ങൾ:** ഓരോ ആഴ്ചയിലും ഉള്ള കുട്ടികളുടെ ഹാജർ (5), തുക സമാഹരണം (5) (തുകയുടെവലുപ്പത്തിനല്ല ഓരോ ആഴ്ചയി ലേയും പങ്കാളിത്തത്തിനാണ് മാർക്ക് നൽകേണ്ടത്) കുടുംബത്തിൽ സഹായമെത്തിക്കുവാൻ നിയോഗിക്കപ്പെട്ട ദിവസങ്ങളിലെ സഹ കരണം, നേതൃത്വം, ക്രിയാത്മകത തുടങ്ങിയവ. (5) വിശേഷാവസരങ്ങ ളിൽ പ്രസ്തുത കുടുംബത്തിനായി നടത്തുന്ന പരിപാടികളിലുള്ള പങ്കാളിത്തം, സഹകരണം, നേതൃത്വം തുടങ്ങിയവ (5) മൊത്തത്തിൽ Adopt A family Programme ലുള്ള കുട്ടികളുടെ താല്പര്യം, പങ്കാളിത്തം(5).

ഇടവകയുടെ പശ്ചാത്തലത്തിൽ കുട്ടികൾ തന്നെ സഹായം വീട്ടിലെ ത്തിക്കുന്നത് എന്തെങ്കിലും അസ്വസ്ഥത ഉണ്ടാക്കുന്നു എന്നുണ്ടെ ങ്കിൽ വികാരിയച്ചന് ബദൽ സംവിധാനം ഏർപ്പെടുത്താവുന്നതാണ്. ആരെങ്കിലും വഴി പണം എത്തിക്കുക എന്നതിനേക്കാൾ കുട്ടികൾക്ക് അനുഭവമാവുക എന്നതാണ് പ്രധാനം എന്ന് മറക്കരുത്.

**പ്രത്യേക കാരണങ്ങൾകൊണ്ട് ഏതെങ്കിലും ഇടവകകളിൽ ഈ പ്രോഗ്രാം നടത്താൻ സാധിക്കാതെ വന്നാൽ 2016 ആഗസ്റ്റ് 15-നുമുൻപ്**

**അതിരൂപതയിൽ നേരിട്ട് അറിയിച്ച് ബദൽ സംവിധാനം ചെയ്യേണ്ട താണ്. ഇതിന്റെ വിശദാംശങ്ങളും മറ്റും അതിരൂപതയുമായി ബന്ധ പ്പെടുമ്പോൾ അറിയിക്കുന്നതാണ്.**

## III. എലൈവ് 2016

*Enabling Youth to Live in and to Live out Christ*

***വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന പ്ലസ്ടു വിദ്യാർത്ഥികളുടെ സംഗമം.***

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ കോഴ്സിന്റെ ഭാഗമായി ഫൊറോനാ തലത്തിൽ നടത്തുന്ന എലൈവ് പ്രോഗ്രാമിൽ നിർബ ന്ധമായും പങ്കെടുക്കേണ്ടതാണ്.

*'കർത്താവായ യേശുക്രിസ്തുവിനെ നിങ്ങൾ സ്വീകരിച്ചിരിക്കു ന്നതിനാൽ അവനിൽ ജീവിക്കുവിൻ" (കൊളോ. 2:6)*

ഇത് ഒരവലോകനത്തിനുള്ള വേദി. 12 വർഷത്തെ അർത്ഥപൂർണ്ണ മായ വിശ്വാസ പരിശീലനത്തിനൊടുവിൽ ക്രിസ്തുവിൽ ജീവിക്കാനും ക്രിസ്തുവിനെ ജീവിപ്പിക്കാനും ആശങ്കകളില്ലാതെ ഇന്നത്തെ യുവത ലമുറയ്ക്കാകുമോ? സ്വയാവലോകനത്തിനായി അവർ ഒരുമിക്കട്ടെ. വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന പ്ലസ്ടു വിദ്യാർത്ഥികൾക്ക് ഫൊറോനാടിസ്ഥാനത്തിൽ ഒരുമിച്ചു കൂടി, ചർച്ചകൾ ചെയ്ത്, ഉൾ ക്കാഴ്ചകൾ പങ്കുവച്ച് ഉള്ളിലെ ക്രിസ്തു ചൈതന്യം ഉജ്ജ്വലിപ്പിക്കാൻ ഒരവസരം.

ഫൊറോനാ തലത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയങ്ങളിൽ നട ത്തപ്പെടേണ്ട പ്രോഗ്രാമിന്റെ ഒരു ഏകദേശരൂപം ഇതോടൊപ്പം നൽ കുന്നു. അതിരൂപതയിൽ നിന്നും നിശ്ചയിച്ചിട്ടുള്ള റിസോഴ്സ് ടീമാണ് ഓരോ ഫൊറോനയിലും ഇതിന് നേതൃത്വം നൽകുന്നത്. ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കാൻ ഇതിലെ പങ്കാളിത്തം നിർബന്ധമാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

**TIME TABLE**

| | | | |
|---|---|---|---|
| 09.00 am | Registration | 01.00 pm | ***ഉച്ചഭക്ഷണം*** |
| 09.15 am | ***ഉദ്ഘാടനം*** | 01.30 pm | **Session III** |
| 09.30 am | **Session I** | 03.00 pm | **Skit & Prayer** |
| 10.00 am | **Session II** | 03.45 pm | Evaluation |
| 11.45 am | Break | 04.00 pm | Good Bye... |
| 12.00 pm | ***വി.കുർബ്ബാന*** | | |

## IV. രണ്ടാംവർഷം സെമസ്റ്റർ പരീക്ഷയും പൊതുപരീക്ഷയും

**ഒന്നാം സെമസ്റ്റർ പരീക്ഷ :** 2016 ഒക്ടോബർ 30. 10.30 am – 12.30 pm (ഇതിനെ ഒരു മോഡൽ പരീക്ഷയായി കരുതിയാൽ മതി.)

**☛ പൊതുപരീക്ഷ** : 2017 ജനുവരി 26 വ്യാഴം 2.00 pm – 4.00 pm പ്രസ്തുത പൊതുപരീക്ഷയ്ക്ക് മുഴുവൻ പാഠ്യഭാഗങ്ങളും ഉൾപ്പെടുത്തി യിരിക്കും.

2017 ജനുവരി 26–നു നടക്കുന്ന പരീക്ഷ. അതിരൂപതാതലത്തിൽ മൂല്യ നിർണ്ണയം നടത്തിയ ശേഷം കോഴ്സിന്റെ ഫലം പ്രസിദ്ധീകരിക്കും. (മാർക്ക് വിഭജനം പേജ് 35 കാണുക)

**V. ഇന്റേണൽ അസസ്സ്മെന്റ്: വിശദാംശങ്ങൾ 31–ാം പേജിൽ നല്കി യിരിക്കുന്നു. പത്താംക്ലാസിലേതു തന്നെ.**

**f. പേപ്പർ വാല്യൂവേഷൻ**

XII –ാം ക്ലാസ് പൊതുപരീക്ഷയുടെ ഉത്തരക്കടലാസ് പരിശോധന 2017 ഫെബ്രുപരി 11, 12 തീയതികളിലായിരിക്കും നടത്തുക. ഉത്തരക്കട ലാസ് പരിശോധനയ്ക്കായി യൂണിറ്റുകളിൽ നിന്നും 12–ാം ക്ലാസിൽ പഠി പ്പിക്കുന്ന അദ്ധ്യാപകരെ പറഞ്ഞുവിടാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**g. ഉത്തരക്കടലാസ് പുനഃപരിശോധന**

ഉത്തരക്കടലാസ് പുനഃപരിശോധന ആവശ്യമുള്ളവർ വികാരിയച്ചന്റെ ശുപാർശയോടെ അതിരൂപതാ കേന്ദ്ര ഓഫീസിൽ രേഖാമൂലം റിസൾട്ട് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ മുഴുവൻ പേരും (വീട്ടുപേര്,അപ്പന്റെ പേര്, കുട്ടിയുടെ പേര്) ഇടവക, പഠിക്കുന്ന ക്ലാസ്സ്, രജിസ്റ്റർ നമ്പർ എന്നിവ വ്യക്ത മാക്കിയിരിക്കണം. പുനഃപരിശോധനയിൽ ലഭിക്കുന്ന മാർക്കായിരിക്കും അവസാന മാർക്കായി പരിഗണിക്കുക.

**h. ഡിപ്ലോമ പുന:പരീക്ഷ:** ഏതെങ്കിലും പ്രത്യേക കാരണത്താൽ ജനു വരി 26–ാം തീയതി നടത്തപ്പെടുന്ന ഡിപ്ലോമ പൊതു പരീക്ഷ എഴുതാൻ കഴിയാത്ത കുട്ടികൾക്കും പ്രസ്തുത പരീക്ഷയിൽ വിജയിക്കാത്തവർ ക്കുമായി (35% മാർക്ക് ലഭിക്കാത്തവർ) കലൂർ റിന്യൂവൽ സെന്ററിൽ വച്ച് 2017 മെയ് 18, വ്യാഴം 10 am - 12 noon വരെ ഡിപ്ലോമ ഒന്നാം വർഷ പുന:പരീക്ഷയും 02 pm 04 pm വരെ ഡിപ്ലോമ രണ്ടാം വർഷ പുനഃപരീ ക്ഷയും നടത്തപ്പെടുന്നു.

പുന:പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ പേരു കൾ പ്രസ്തുത പരീക്ഷയ്ക്ക് രണ്ടാഴ്ച മുമ്പ് ബഹു. വികാരിയച്ചന്റെ ശുപാർശയോടു കൂടി അതിരൂപതാ മതബോധന കേന്ദ്രത്തിൽ ഏല്പി ക്കേണ്ടതാണ്. ഇവരുടെ ഉത്തരക്കടലാസുകൾ അവാർഡുകൾക്ക് പരി ഗണിക്കുന്നതല്ല. ഡിപ്ലോമ പുന:പരീക്ഷ എഴുതുന്നതിന് 60% ഹാജരെ ങ്കിലും ഉണ്ടായിരിക്കണം.

**i. ഓൺലൈനിൽ (Caticorp) ചെയ്യേണ്ടത്**

**12–ാം ക്ലാസ്സിലെ അറ്റന്റൻസിന്റെ ശതമാനവും ഇന്റേണൽ അസസ്സ്മെന്റ് മാർക്കും അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമിന്റെ മാർക്കും 2017 ജനുവരി 31–ന് മൻപ് ഓൺലൈനിൽ Enter ചെയ്യേണ്ടതാണ്.**

**j. വിശ്വാസ പ്രഖ്യാപന ശുശ്രൂഷ**

2017 ജനുവരി 26-ാം തീയതിയിലെ പൊതുപരീക്ഷയ്ക്കുശേഷം വരുന്ന ഞായറാഴ്ച (ജനുവരി 29, 2017), ഔപചാരിക വിശ്വാസപരിശീലനം പൂർത്തിയാക്കിയ ഡിപ്ലോമ രണ്ടാംവർഷ വിദ്യാർത്ഥികളുടെ വിശ്വാസ പ്രഖ്യാപനശുശ്രൂഷ നടത്തേണ്ടതാണ്. ഈ ശുശ്രൂഷയ്ക്കുള്ള കർമ്മ ക്രമം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

**k. ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്**

എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വേദപാഠ ക്ലാസ്സിൽ വരുവാൻ ആഗ്രഹിച്ചിട്ടും അതിനു നിവൃത്തി ഇല്ലാത്തവർക്കു വേണ്ടി മാത്രം അതിരൂപതാ കേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്. ഒന്നാം വർഷവും, രണ്ടാം വർഷവും രണ്ടു ദിവസങ്ങളിലായി രണ്ടു സെഷനുകൾ വീതമാണ് (ആകെ നാല് സെഷനുകൾ) കോഴ്സ് നടത്തപ്പെടുക.

2016-2017 അദ്ധ്യയനവർഷത്തിലെ റസിഡൻഷ്യൽ കോഴ്സ് തീയതികൾ:

| | | |
|---|---|---|
| **2016 ഒക്ടോബർ 29,30** | - | ഒന്നാം വർഷ ഡിപ്ലോമ - I$^{st}$ Session |
| **2017 മെയ് 17,18** | - | ഒന്നാം വർഷ ഡിപ്ലോമ - II$^{nd}$ Session |
| **2016 ഒക്ടോബർ 11,12** | - | രണ്ടാം വർഷ ഡിപ്ലോമ - III$^{rd}$ Session |
| **2017 മെയ് 10,11** | - | രണ്ടാം വർഷ ഡിപ്ലോമ - IV$^{th}$ Session |

**ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ പങ്കെടുക്കുന്ന കുട്ടികളുടെ ഡിപ്ലോമ പരീക്ഷയെ സംബന്ധിച്ച വിവരങ്ങൾ കോഴ്സ് നടക്കുന്ന ദിവസങ്ങളിൽ കുട്ടികളെ അറിയിക്കുന്നതായിരിക്കും.**

**ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം 2016 സെപ്റ്റംബർ 1-ാംതീയതിയാണ്.** 2016-2017 വർഷത്തിൽ ഒക്ടോബറിലെ സെഷനിൽ പങ്കെടുത്തവർക്കു മാത്ര മാണ് മെയ് മാസത്തിലെ സെഷനിൽ പങ്കെടുക്കുവാൻ സാധിക്കുക. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ നിന്നെടുത്ത് പൂരിപ്പിക്കണം.

നാലു സെഷനുകളിലായി കോഴ്സിൽ പങ്കെടുക്കുകയും ഒന്നാം വർഷവും രണ്ടാം വർഷവും നൽകുന്ന അസൈൻമെന്റുകൾ സമർപ്പിക്കുകയും ഒന്നും രണ്ടും വർഷങ്ങളിൽ നടത്തുന്ന പ്രത്യേക പരീക്ഷകളിൽ ഓരോ പരീക്ഷയ്ക്കും ആകെ മാർക്കിന്റെ 35% മോ അതിലധികമോ മാർക്ക് നേടുകയും ചെയ്യുന്നവർക്കാണ് ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളത്. ഓരോ വർഷത്തേക്കും 750 രൂപ രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം. രജിസ്റ്റർ ചെയ്യുന്ന സമയത്ത് പണം അടച്ച് രസീതു വാങ്ങുക.

റസിഡൻഷ്യൽ കോഴ്സിൽ ചേർന്നു കഴിഞ്ഞവർ കോഴ്സ് സംബന്ധ മായ എല്ലാ കാര്യങ്ങളിലും അതിരൂപതാ മതബോധന കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്. XI -ാം ക്ലാസുകാർ ഇടവകയിൽ നടത്തുന്ന **Out Reach** Programme-നും XII -ാം ക്ലാസുകാർ ഫൊറോനയിൽ നട ത്തുന്ന **Alive** Programme-നും പങ്കെടുക്കണം. ഫൊറോനയിലോ, ഇടവക

യിലോ ഉള്ള മതബോധന ഓഫീസുകൾ വഴിയുള്ള യാതൊരു അറിയിപ്പുകളും ഇവർക്ക് ഉണ്ടാവില്ല.

**l. SMCC പ്രതിഭാസംഗമം**

സഭാതലത്തിൽ നടത്തുന്ന SMCC പ്രതിഭാസംഗമത്തിൽ പങ്കെടുക്കുന്നവരെ ഈ വർഷത്തെ എലൈവിൽ നിന്നുമാണ് തിരഞ്ഞെടുക്കുക. എലൈവിലെ ഒരു ദിവസത്തെ മുഴുവൻ പ്രവർത്തനങ്ങളും പരിഗണിച്ച് ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും ഓരോ ഫൊറോനയിലും തിരഞ്ഞെടുത്ത് അവരെ അതിരൂപതയിൽ ഒരു മിച്ചുകൂട്ടി അതിൽ നിന്നും പ്രതിഭാ സംഗമത്തിൽ സംബന്ധിക്കേണ്ട 4 പേരെ (രണ്ട് ആൺകുട്ടികൾ, 2 പെൺകുട്ടികൾ) തിരഞ്ഞെടുക്കും.